بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 32

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ആഗസ്റ്റ് 9/ഹി:ശം:1397 ളുഹൂർ 9/ഹി:ഖ:1439 ദുൽഖഅ്ദ് 26

## അല്ലാഹുവിന്റെ വചനം

مَثَلُ الَّذِیۡنَ یُنۡفِقُوۡنَ اَمۡوَالَہُمۡ فِیۡ سَبِیۡلِ اللّٰہِ کَمَثَلِ حَبَّۃٍ اَنۡۢبَتَتۡ سَبۡعَ سَنَابِلَ فِیۡ کُلِّ سُنۡۢبُلَۃٍ مِّائَۃُ حَبَّۃٍ ؕ وَاللّٰہُ یُضٰعِفُ لِمَنۡ یَّشَآءُ ؕ وَاللّٰہُ وَاسِعٌ عَلِیۡمٌ ○

അല്ലാഹുവിന്റെ മാർഗത്തിൽ ധനം ചെലവഴിക്കുന്നവരുടെ ഉപമ ഒരു ധാന്യമണിയുടേതുപോലെയാകുന്നു. അത് ഏഴു കതിരുകളെ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറുമണിവീതം ഉണ്ട്. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ഇരട്ടിയായി നല്കുന്നതാണ്. അല്ലാഹു ഔദാര്യവാനും സർവജ്ഞനുമാകുന്നു. (2:262)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**വളരെ സൂക്ഷിച്ചു പദമൂന്നുക. ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനുമുമ്പേ പുനർചിന്തനം ചെയ്യുക. എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. കാരണം നിങ്ങൾ അന്ധരാണ്. ഒരു നീതിമാനെ അന്യായം ചെയ്യുന്നവനായോ, സാത്ത്വികനെ വ്യാജനായോ നിങ്ങൾ കരുതുന്നവരാകരുത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമായിത്തീരുകയും തദ്വാരാ നിങ്ങളുടെ എല്ലാ സൽകർമങ്ങളും വ്യർഥമായിത്തീരുകയും ചെയ്യുന്നതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“വിശുദ്ധഖുർആനിൽ നിങ്ങൾക്ക് ധാരാളം പരിശുദ്ധമായ കല്പനകൾ എഴുതിയിരിക്കുന്നു. അവയിലൊന്ന് ശിർക്കിൽനിന്ന് പരിപൂർണമായും മുക്തമായിരിക്കുക എന്നതാണ്. കാരണം ബഹുദൈവാരാധകർ മോക്ഷത്തിന്റെ നീരുറവിൽനിന്ന് നിർഭാഗ്യരാണ്. നിങ്ങൾ നുണ പറയരുത്. കാരണം നുണയും ബഹുദൈവാരാധനയുടെ ഒരു ഭാഗമാകുന്നു.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ ദുർന്നോട്ടത്തോടും കാമവികാരത്തോടുംകൂടി അന്യസ്ത്രീകളെ നോക്കരുതെന്നും ആ വീക്ഷണത്തോടെയല്ലാതെ നോക്കുന്നത് അനുവദനീയമാണെന്നുമല്ല വിശുദ്ധഖുർആൻ പറയുന്നത്. നിങ്ങൾ നല്ല ഉദ്ദേശ്യത്തോടെയോ അല്ലാതെയോ അന്യസ്ത്രീകളെ നോക്കാനേ പാടില്ല എന്നാണത് പറയുന്നത്. ഇതെല്ലാം വഴി തെറ്റുന്നതിനുള്ള സന്ദർഭങ്ങളാണ്. അന്യസ്ത്രീകളെ അഭിമുഖീകരിക്കുന്ന നേരത്ത് നിന്റെ കണ്ണുകൾ സുപ്തമായിരിക്കേണ്ടതാണ്. കടുംജലദോഷത്തിന്റെ തുടക്കത്തിൽ ഒരു മങ്ങിയ ദൃഷ്ടികൊണ്ട് മനുഷ്യൻ നോക്കുന്നത്രയല്ലാതെ നിനക്ക് അവളുടെ രൂപത്തിന്റെ ഒരറിവും ഉണ്ടാകരുത്. ഇഞ്ചീൽ പ്രബോധിക്കുന്നതുപോലെ സുബോധം നശിക്കുമാറ് മദ്യപാനം അരുതന്നല്ല വിശുദ്ധ ഖുർആൻ പറയുന്നത്. മറിച്ച് മദ്യപാനം തീരെ പാടില്ലെന്നാണ്. അല്ലാത്തപക്ഷം നിങ്ങൾക്ക് ദൈവപാത സ്വായത്തമാക്കുവാനോ ദൈവികഭാഷണം ലഭിക്കുവാനോ തീയ്യകാര്യങ്ങളിൽനിന്ന് പരിശുദ്ധിയാർജിക്കുവാനോ സാധിക്കുന്നതല്ല. മദ്യപാനം സാത്താന്റെ കണ്ടുപിടിത്തമാണെന്ന് അവൻ പറയുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്രാപിക്കുക.

ഇഞ്ചീലിനെപ്പോലെ നിങ്ങൾ അകാരണമായി നിങ്ങളുടെ സഹോദരന്റെമേൽ കോപിക്കരുതെന്നല്ല വിശുദ്ധഖുർആൻ പറയുന്നത്. മറിച്ച് നിങ്ങൾ കോപത്തെ സ്വയം നിയന്ത്രിക്കുക. എന്നല്ല തവാസൗ ബിൽമർഹമ(കരുണകാണിക്കാൻ ഉപദേശിക്കുക 90:18) അനുസരിച്ച് പ്രവർത്തിക്കുകയും അങ്ങനെ ചെയ്യാൻ മറ്റുള്ളവരോട് പറഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുക. എന്നാണത് പറയുന്നത്. സ്വയം കരുണ കാണിച്ചാൽ മാത്രംപോരാ കരുണ ചെയ്യാൻ തന്റെ എല്ലാ സഹോദരന്മാരോടും വസിയ്യത്തും ചെയ്യുക.

ഇഞ്ചീലിനെപ്പോലെ വ്യഭിചാരമല്ലാത്ത തന്റെ ഭാര്യയുടെ എല്ലാ അവിശുദ്ധ പ്രവർത്തികളും സഹിക്കാനും വിവാഹമോചനം നല്കാതിരിക്കാനും വിശുദ്ധഖുർആൻ കല്പിക്കുന്നില്ല. മറിച്ച് അത് പറയുന്നത് അത്വയ്യിബാത്തു ലിത്വയ്യിബീന(നല്ല കാര്യങ്ങൾ നല്ല ആളുകൾക്കുള്ളതാണ് 24:27) എന്നാണ്. അശുദ്ധരായവർക്ക് പരിശുദ്ധരോടൊപ്പം താമസിക്കുവാൻ പറ്റുകയില്ല. അതുകൊണ്ട് നിന്റെ ഭാര്യ വ്യഭിചരിക്കുന്നില്ലെങ്കിലും കാമദൃഷ്ടിയോടെ അന്യരെ നോക്കുകയും അവരെ കെട്ടിപ്പിടിക്കുകയും വ്യഭിചരിച്ചില്ലെങ്കിലും അതിന്റെ മുന്നൊരുക്കം അവളിൽ നിന്നുണ്ടാവുകയും അന്യർക്ക് തന്റെ നഗ്നത പ്രദർശിപ്പിക്കുകയും ബഹുദൈവാരാധന നടത്തുകയും കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യുന്നവളും ഏതൊരു പരിശുദ്ധ ദൈവത്തിൽ നീ വിശ്വസിക്കുന്നുവോ ആ ദൈവത്തിൽനിന്ന് അവൾ വിദൂരസ്ഥയും ഇത്തരം ദുഷ്പ്രവണതകളിൽനിന്ന് വിരമിക്കാത്തവളുമാണെങ്കിൽ നിനക്ക് അവളെ വിവാഹമോചനം ചെയ്യാവുന്നതാണ്. കാരണം അവൾ തന്റെ അനാശാസ്യപ്രവർത്തികളാൽ നിന്നിൽനിന്ന് വേർപ്പെട്ടവളാണ്. ഇപ്പോൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല. അതുകൊണ്ട് ലജ്ജയില്ലാതെ അവളോടൊപ്പം വസിക്കുന്നതിന് നിനക്കനുവാദമില്ല. എന്തുകൊണ്ടെന്നാൽ, ഇപ്പോൾ അവൾ നിന്റെ ശരീരത്തിന്റെ ഭാഗമല്ല; നാറിയതും അഴുകിയതുമായ ഒരവയവമാണ്. അത് മുറിച്ചുമാറ്റത്തക്കതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ അത് നിന്റെ ശരീരത്തിന്റെ ഇതരഭാഗങ്ങളേയും കേടുവരുത്തുകയും നീ മരിക്കുകയും ചെയ്യും.

ഇഞ്ചീലിനെപ്പോലെ, നീ ഒരിക്കലും ആണയിടരുതെന്ന് നിങ്ങളോടു ഖുർആൻ പറയുന്നില്ല. മറിച്ച്, വ്യർഥമായ ആണയിടലിനെയാണ് ഖുർആൻ വിരോധിക്കുനനത്. കാരണം ചില രീതികളിൽ ആണയിടുക എന്നത് തീരുമാനമെടുക്കുന്നതിനുള്ള ഒരു മാർഗമാണ്. അല്ലാഹു ഒരുപ്രകാരവും തെളിവിനെ പാഴാക്കാൻ ആഗ്രഹിക്കുന്നില്ല. കാരണം അതുമുഖേന അവന്റെ യുക്തിക്ക് ഭംഗമുണ്ടാകുന്നു. ഒരാൾ ഏതെങ്കിലും ഒരു തർക്കവിഷയത്തെക്കുറിച്ച് സാക്ഷി പറയുന്നില്ലെങ്കിൽ തീരുമാനത്തിന് ദൈവസാക്ഷ്യത്തിന്റെ ആവശ്യം വരിക എന്നത് സ്വാഭാവികമാണ്. സത്യം ചെയ്യൽ ദൈവത്തെ സാക്ഷിയാക്കി നിറുത്തലാണ്.

ഇഞ്ചീലിനെപ്പോലെ അക്രമിയെ ഒരിടത്തും എതിർക്കാൻ പാടില്ലെന്ന് ഖുർആൻ പറയുന്നില്ല. മറിച്ച് ഖുർആനിന്റെ അധ്യാപനം ഇതാണ്. ജസാഉ സയ്യിഅത്തിൻ സയ്യിഅത്തുൻ മിഥ്‌ലുഹാ ഫമൻ അഫാ വ അസ്‌ലഹ ഫ അജ്റുഹൂ അലല്ലാഹ് (42:41)തിന്മയ്ക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പ് ചെയ്യുകയും പാപം പൊറുക്കുകയും മാപ്പ് കൊടുക്കുന്നതുകൊണ്ട് സൽമാറ്റമുണ്ടാകുകയും ഏതെങ്കിലും ദോഷം ഉണ്ടാകാതിരിക്കുകയുമാണെങ്കിൽ അല്ലാഹു അതിനെ ഇഷ്ടപ്പെടുന്നു. അവന് അതിന്റെ പ്രതിഫലം നല്കും.

വിശുദ്ധഖുർആനിന്റെ അധ്യാപനമനുസരിച്ച് എല്ലാ സ്ഥലങ്ങളിലും പ്രതികാരം ഉചിതമല്ല. അതേപ്രകാരം എല്ലാ സന്ദർഭങ്ങളിലും പൊറുത്തുകൊടുക്കലും അഭിലഷണീയമല്ല. മറിച്ച് സന്ദർഭവും സാഹചര്യവുമനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. പ്രതികാരമോ പൊറുത്തുകൊടുക്കലോ പ്രതിയോഗിയുടെ സംസ്കരണത്തിനും പരിവർത്തനത്തിനും സഹായകമായിരിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യം ഇതുതന്നെയാണ്.

ശത്രുക്കളോട് എപ്പോഴും സ്നേഹം കാണി

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-6

**ഇബാദത്ത്: (തുടർച്ച)**

നിവേനങ്ങളിൽ വന്നിരിക്കുന്നു. ഒരു സ്വഹാബിയോടു 'ഇന്ന മഹല്ലിൽ പോയി നമുക്ക് നമസ്കരിക്കാം' എന്ന് ആരോ പറഞ്ഞു. ആ സ്വഹാബി പറഞ്ഞു. 'ഞാൻ നബി(സ) തിരുമേനിയിൽനിന്ന് സ്വന്തം മഹല്ലിനെ മസ്ജിദിൽ നമസ്കരിക്കേണ്ടതാണ്' എന്ന് പറഞ്ഞത് കേട്ടിട്ടുണ്ട്. അതുകൊണ്ട് ഞാൻ എന്റെ മഹല്ലിലെ മസ്ജിദിൽതന്നെ നമസ്കരിക്കുന്നതാണ്.

ഇസ്‌ലാമിക നമസ്കാരം കൂടുതൽ നേരങ്ങളിൽ നമസ്കരിക്കുന്നതുപോലെ മറ്റൊരു മതത്തിലും ഉദാഹരണം കാണുകയില്ല.

(1) സൂര്യൻ ഉദിക്കുന്നതിനു മുമ്പേ
(2) സൂര്യൻ മധ്യാഹ്നത്തിൽനിന്ന് തെറ്റിക്കഴിഞ്ഞാൽ
(3) സൂര്യാസ്തമയത്തിന് അടുത്ത നമസ്കാരം
(4) സൂര്യാസ്തമയത്തിനു ശേഷമുള്ള നമസ്കാരം
(5) രാത്രിയിൽ ഉറങ്ങുന്നതിനു മുമ്പേയുള്ള നമസ്കാരം.

ഈ അഞ്ചു നമസ്കാരം നിർബന്ധമാണ്. ഇതിന്റെ നിർവഹണം ആരുടെയെങ്കിലും ഇഷ്ടവുമായി ബന്ധപ്പെട്ടതല്ല. ഇത്രമാത്രം ആരാധനകളും ജമാഅത്തോടുകൂടിയ ആരാധനകളും മറ്റുള്ളവരിൽ എവിടെയാണ് കാണുന്നത്? ഇസ്‌ലാം നമസ്കാരത്തിനുവേണ്ടി വിവിധ നേരങ്ങൾ നിശ്ചയിച്ചിരിക്കുന്നു. ഇതുമുഖേന ഇസ്‌ലാം ധാരാളം സാമൂഹികവും സംഘടിതവുമായ രീതി ഉണ്ടാക്കിയിരിക്കുകയാണ്. ലോകത്ത് അതിനു തുല്യമായതൊന്ന് ഇല്ലെന്നാണ് പറഞ്ഞതിന്റെ ചുരുക്കം.

ഇതിന്റെ അടിസ്ഥാനത്തിൽ മറ്റുള്ള എല്ലാ മതങ്ങളുടേയും ആരാധനകളിൽനിന്നും തികച്ചും വ്യത്യസ്തമാണ് ഇസ്‌ലാമിക നമസ്കാരം. ഇതിൽ സംഘടിതവും വ്യക്തിപരവും രണ്ടും പരിഗണിക്കപ്പെട്ടിരിക്കുന്നു. നമസ്കരിക്കുമ്പോൾ മുസ്‌ലിംകൾ അല്ലാഹുവിനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നു. അവന്റെ തിരുസന്നിധിയിൽ പ്രാർത്ഥിക്കുന്നു. സ്വന്തം പരിഷ്കരണത്തിനും, ആത്മീയാഭിവൃദ്ധിക്കും തന്റെ സുഹൃത്തുക്കളുടേയും ബന്ധുക്കളുടേയും ലോകത്തുള്ള മറ്റെല്ലാവരുടേയും ശാരീരികവും ആത്മീയവുമായ അഭിവൃദ്ധിക്കുംവേണ്ടി അവന്റെ മുമ്പിൽ അപേക്ഷ സമർപ്പിക്കുന്നു. ആ സാധാ നമസ്കാരത്തിന്റെ തേജോവിലാസം എന്ന് പറയുന്നത് നമസ്കാരത്തിന്റെ നേരത്ത് ഒരു വിശ്വാസിക്കും അവിടേയും ഇവിടേയും നോക്കാൻ പറ്റുകയില്ലെന്നതാണ്. നമസ്കാരത്തിൽ മറ്റുള്ളവരോടു സംസാരിക്കാനും പറ്റുകയില്ല. മസ്ജിദിൽ നമസ്കരിക്കുമ്പോൾ ഏതെങ്കിലും വംശീയമോ കുലപരമോ ആയ വിവേചനവും പരിഗണിക്കപ്പെടുന്നില്ല. അല്ലാഹുവിന്റെ തിരുസന്നിധിയിൽ എല്ലാവരും തുല്യരാണ്. ദരിദ്രനും സമ്പന്നനും ഒരു അണിയിൽ നില്ക്കുന്നു. രാജാവിനോടൊപ്പം നില്ക്കാൻ അയാളുടെ പരിചാരകനും അവകാശമുണ്ട്. അയാളുടെ തൂപ്പുകാരനും അയാളോടൊപ്പം നില്ക്കാൻ അവകാശമുണ്ട്. നമസ്കാരനേരത്ത് ഒരു ജഡ്ജിയും ഒരു കുറ്റവാളിയും ഒരു ജേർണലും ഒരു പട്ടാളക്കാരനും തോളോടു തോൾ ചേർന്ന് നില്ക്കുന്നു. ആർക്കും ആരുടെ നേരെയും വിരൽചൂണ്ടാൻ പറ്റുകയില്ല. ആർക്കും ആരേയും അവർ നില്ക്കുന്ന സ്ഥലത്തുനിന്ന് പിന്നാക്കം മാറ്റം പറ്റുകയില്ല. മസ്ജിദിൽ എല്ലാവരും തുല്യാവകാശമുള്ളവരാണ്. സമമായ പദവിയുള്ളവരാണ്. എല്ലാവരും ഒരേയൊരു പദവിയിൽ നിശബ്ദരായി അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുന്നു. ഇമാമിന്റെ സൂചനയനുസരിച്ച് റുക്കൂഇന്റേയും സുജൂദിന്റേയും ഖിയമിന്റേയും കല്പനകൾ പാലിക്കുന്നു. ചില നേരങ്ങളിൽ ഇമാം വിശുദ്ധഖുർആനിലെ വചനങ്ങൾ ഉച്ചത്തിൽ ഓതുന്നു. അവിടെയുള്ള എല്ലാവരുടേയും മുമ്പിൽ ഒരു പ്രത്യേക ഉപദേശം ഉണ്ടാകുന്നതിനു വേണ്ടി. നമസ്കാരത്തിന്റെ ചില ഭാഗങ്ങളിൽ ഓരോ വ്യക്തിയും അവരവരുടേതായ നിലയിൽ നിശ്ചിത പ്രാർത്ഥനകളും അവർ ആഗ്രഹിക്കുന്ന പ്രാർത്ഥനകളും ചൊല്ലുന്നു.

ഇസ്‌ലാം മറ്റൊരു അതിർത്തി നിർണയവും തകർത്തിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് നമസ്കരിക്കണമെങ്കിൽ അവർ പള്ളിയിൽ പോകും. ഹിന്ദുക്കൾക്ക് നമസ്കരിക്കണമെങ്കിൽ അവർ അമ്പലത്തിൽ പോകും. സിക്കുകാർ നമസ്കരിക്കണമെങ്കിൽ ഗുരുദ്വാരയിൽ പോകും. എന്നാൽ, നബി(സ) തിരുമേനി പറഞ്ഞു. ജുഇലത്ത് ലിയൽ അർളു മസ്ജിദാ (ബുഖാരി കിതാബുൽ തയമ്മും)

എനിക്കുവേണ്ടി ഭൂമി മുഴുവൻ മസ്ജിദാക്കപ്പെട്ടിരിക്കുന്നു. ക്രിസ്ത്യാനികൾക്ക് പള്ളികളിൽ മാത്രമേ ആരാധന ഉണ്ടാകുന്നുള്ളൂ. ഹിന്ദുക്കൾക്ക് അമ്പലങ്ങളിൽ മാത്രമേ ആരാധന ഉണ്ടാകുന്നുള്ളൂ. എന്നാൽ, ലോകം മുഴുവൻ മുക്കിലും മൂലയിലും മുസ്‌ലിംകൾ മാത്രമാണ് സുജൂദ് ചെയ്തിട്ടുള്ളത്. നമ്മൾ പർവതങ്ങളിൽ പോകുമ്പോൾ അറിഞ്ഞുകൊണ്ടുതന്നെ വിവിധ സ്ഥലങ്ങളിൽ നമസ്കരിക്കുന്നു; അല്ലാഹു ആരാധിക്കപ്പെടാത്തതായ ഒരു സ്ഥലവും ഉണ്ടാകാതിരിക്കാൻ! നോക്കുക, എത്ര വിശാലതയാണ് ഇസ്‌ലാമിലുള്ളത്. അല്ലാഹു നേതൃത്വത്തിന് (ഇമാമത്ത്) എല്ലാവരേയും അവകാശിയാക്കിക്കൊണ്ട് മനുഷ്യരിൽ സമത്വം സ്ഥാപിച്ചിരിക്കുന്നതോടൊപ്പം ജുഇലത്ത് ലിയൽഅർളക മസ്ജിദാ എന്നു പറഞ്ഞുകൊണ്ട് ഭൂമിയുടെ മുക്കിലും മൂലയിലും സമത്വവും സ്ഥാപിച്ചിരിക്കുന്നു. ഒരു ഭാഗത്ത് ജുഇലത്ത് ലിയൽഅർള മസ്ജിദാ എന്നു പറഞ്ഞുകൊണ്ട് അവൻ മുഴുവൻ ഭൂമിയേയും മസ്ജിദാക്കി മാറ്റിയതിനോടൊപ്പം ഫർളുകളോടൊപ്പം നഫ്‌ലുകളും ചേർത്ത് അവർ എല്ലാ വീടിനേയും മസ്ജിദാക്കിയിരിക്കുന്നു. കാരണം നഫ്‌ലുകളെ സംബന്ധിച്ച് നബി(സ) തിരുമേനി വീടുകളിൽ നമസ്കരിക്കുന്നത് ഇഷ്ടപ്പെട്ടിരിക്കുന്നു. ലാ തജ്അലു ബുയൂത്തക്കും മഖാബിറ (തുർമുദി) നിങ്ങളുടെ വീടുകളെ ഖബ്റുകളാക്കരുത്. മഖ്ബറുകളിൽ നമസ്കരിക്കുന്നത് അനുവദനീയമല്ലാത്തതുപോലെ വീടുകളേയും മനസ്സിലാക്കരുത്. പ്രത്യേത കുറച്ച് നമസ്കാരങ്ങൾ വീട്ടിലും നിർവഹിക്കുക. ഇപ്രകാരം അല്ലാഹു ഭൂമിയുടെ മുക്കിലും മൂലയിലുമെല്ലാം ആരാധനയ്ക്കുള്ള വഴി തുറന്നിരിക്കുന്നു.

ഇസ്‌ലാമിക നമസ്കാരത്തെ അല്ലാഹു തന്റെ ലിഖാ (കൂടിക്കാഴ്ചയ്ക്കുള്ള) ഒരു മാർഗമാക്കിയിരിക്കുന്നു. അല്ലാഹു അക്ബർ എന്നു പറഞ്ഞതിനുശേഷം നമസ്കരിക്കുന്നയാൾ അല്ലാഹുവിന്റെ മുമ്പിൽ നില്ക്കുന്നതുപോലെയാണ്. എന്നല്ല അവൻ പൂർണമായനിലയിൽ ആരാധനയിൽ ലയിക്കുന്നു. അവന് ആരുമായും സംസാരിക്കാൻ പറ്റില്ല. മറ്റുള്ളവർ സലാം പറയുമ്പോൾ മറുപടി കൊടുക്കാനും സാധിക്കുകയില്ല. എത്രത്തോളമെന്നാൽ നമസ്കരിക്കുന്നവൻ എന്തെങ്കിലും തെറ്റാക്കിയാൽ പറഞ്ഞുകൊടുക്കാൻ പുറത്തുള്ള ആൾക്കും അനുവാദമില്ല. ഉദാഹരണത്തിന് നമസ്കരിക്കുന്ന ഒരുവൻ ഒരു സുജൂദ് കൂടുതൽ ചെയ്തു, അല്ലെങ്കിൽ കുറഞ്ഞുപോയി. അപ്പോൾ നമസ്കാരത്തിൽ പെടാത്ത ഒരുവന് നമസ്കരിക്കുന്നവനുണ്ടായ ആ തെറ്റ് തിരുത്താൻ അനുവാദമില്ല. ഒരു മുസ്‌ലിം നമസ്കരിക്കുമ്പോൾ അവൻ അല്ലാഹുവിന്റെ ദർബാറിൽ ഹാജരാകുകയാണ് ചെയ്യുന്നത്. പുറത്തുള്ള ഒരുവന് അവന്റെ ജോലിയിൽ കൈ കടത്താൻ അവകാശമില്ല. എന്നാൽ, ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ തെറ്റു പറഞ്ഞുകൊടുക്കാവുന്നതാണ്. അതുപോലെ അവന് അവിടേയും ഇവിടേയും എത്തിനോക്കാനും അനുവാദമില്ല. നബി(സ) തിരുമേനി പറഞ്ഞു: അവിടേയും ഇവിടേയും നോക്കുന്ന നമസ്കാരക്കാരന്റെ തല അല്ലാഹു കഴുതയുടെ തല ആക്കുന്നതാണ്. ഇതിൽ നബി(സ) അത്തരം മനുഷ്യന്റെ വിഡ്ഢിത്വത്തിലേക്കാണ് സൂചന നല്കിയത്. അവൻ ഒന്നാന്തരം ഹമുക്കാണെന്നതിൽ എന്തു സംശയമാണുള്ളത്? നമസ്കാരത്തിൽ അവൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കുന്നതെന്തിനാണ്? അവനെന്തോ അത്ഭുതകരമായ കാര്യം കാണുന്നുണ്ട്. എന്നാൽ പ്രശ്നം അല്ലാഹുവിനെപോലുള്ള അത്ഭുതസത്തയല്ലാതെ മറ്റെന്തു കാര്യമാണ്. അല്ലാഹുവിനെ വിട്ട് അതിലേക്കു നോക്കാനുള്ളത്. അപ്പോൾ അവൻ തീർച്ചയായും കഴുതയാണ്. അവന്റെ മുമ്പിലുള്ളത്. അല്ലാഹുവിന്റെ മനോഹരമായ മുഖകമലമാണ്. എന്നാൽ, അവൻ കാണുന്നത് പൂച്ചയോ എലിയോ ആണ്. അപ്പോൾ അവൻ കഴുതയാണെന്നതിൽ എന്ത് സംശയമാണുള്ളത്?

ചുരുക്കിപ്പറഞ്ഞാൽ, നമസ്കാരത്തിൽ പൂർണമായ നിലയിൽ അല്ലാഹുവിലേക്കുള്ള വിഛേദമാണ് ഉണ്ടാകുന്നത്. നമസ്കാരം ആരംഭിക്കുമ്പോൾ അല്ലാഹു അക്ബർ എന്നു പറയുന്നതിന്റെ യുക്തി ഇതാണ്. അതായത് തക്ബീർ ചൊല്ലുന്നയാൾ, അല്ലയോ സഹോദരന്മാരേ, എന്റെ ബന്ധുക്കളേ, എന്റെ സ്നേഹിതരേ! നീയും എനിക്ക് പ്രിയപ്പെട്ടവരാണ്. എന്നാൽ, നിങ്ങളെക്കാൾ കൂടുതൽ എനിക്ക് പ്രിയപ്പെട്ടവൻ അല്ലാഹുവാണ്, അവനാണ് ഏറ്റവും വലിയവൻ. ഞാൻ അവന്റെ മുമ്പിൽ പോകുകയാണ്, നിങ്ങളുമായി ബന്ധം വിഛേദിക്കുന്നു എന്ന് പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. നമസ്കാരം അവസാനിക്കുമ്പോൾ അവൻ അസ്സലാമു അലയ്ക്കും പറയുന്നു. അതിന്റെ ഉദ്ദേശ്യം ഞാൻ തിരിച്ചുവന്നുവെന്നാണ്; ആരെങ്കിലും വെളിയിൽനിന്നു വരുമ്പോൾ അസ്സലാമു അലയ്ക്കും പറയുന്നതുപോലെ അവനും പറയുന്നു; ഞാൻ വെളിയിൽ പോയിരിക്കുകയായിരുന്നു; ഇപ്പോൾ മടങ്ങിയെത്തിയിരിക്കുന്നു. ഇത് എത്രമാത്രം പരിശുദ്ധവും പരിപൂർണവുമായ നമസ്കാരമാണ്.

**ഇഖാമത്തുസ്സ്വലാത്ത്**

ഇഖാമത്ത് എന്നതിന്റെ അർത്ഥം നമസ്കാരത്തിനായി വിശുദ്ധഖുർആൻ ഇഖാമത്തുസ്സ്വലാത്ത് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. ഇഖാമത്ത് എന്നതിന്റെ ഒരർത്ഥം ഏതെങ്കിലും കാര്യത്തിൽ നിലകൊള്ളുകയും അടങ്ങിയിരിക്കുകയും ചെയ്യുക എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇഖാമത്തുസ്സ്വലാത്തിന്റെ അർത്ഥം പതിവായി മുടങ്ങാതെ നമസ്കാരം അനുഷ്ഠിക്കുക എന്നാണ്. അതിൽ അശ്രദ്ധയും മടിയും കാണിക്കരുത്. കാരണം നമസ്കാരം എന്നത് മുടങ്ങാതെ അനുഷ്ഠിക്കുക എന്നാണ്.

ഇഖാമത്തിന്റെ മറ്റൊരു അർത്ഥം നിൽക്കൽ, നിവർത്തൽ എന്നാണ്. അതായത് നമസ്കാരം രിയാംവണ്ണം പൂർണമായ നിബന്ധനകൾ പാലിച്ചുകൊണ്ട് സമയത്ത് അനുഷ്ഠിക്കേണ്ടതാണ്. ഏതെങ്കിലും നിബന്ധന അല്ലെങ്കിൽ കാര്യം ഉപേക്ഷിക്കുന്നത്. നമസ്കാരത്തെ നഷ്ടപ്പെടുത്തുന്നതിന് തുല്യമാണ്.

ഇഖാമത്തിന്റെ മൂന്നാമത്തെ അർത്ഥം ഏതെങ്കിലും കാര്യത്തെ നടപ്പിൽ വരുത്തുകയും അതിനെ പൊതുവാക്കുകയും ചെയ്യുക എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇഖാമത്തുസ്സ്വലാത്തിന്റെ അർത്ഥം ഇതാമ്. അതായത് നമസ്കാരം സ്വയം അനുഷ്ഠിക്കാതെ മറ്റുള്ളവരിലും അത് നടപ്പിൽ വരുത്തേണ്ടതാണ്. ആളുകൾ മുടങ്ങാതെ നമസ്കരിക്കുന്നതിന് അവരിൽ താൽപര്യമുണ്ടാക്കുക.

അല്ലാഹു മുഅ്മിനീംകളിൽനിന്ന് അവർ ജനങ്ങളിൽ നമസ്കാരം നിലനിറുത്തുമെന്ന് പ്രതീക്ഷിക്കുന്നു. നമസ്കരിക്കാൻ അവരോടു പറയുക. അവർക്ക് നമസ്കരിക്കാൻ അറിയില്ലെങ്കിൽ അവരെ നമസ്കരിക്കാൻ പഠിപ്പിക്കുക. നമസ്കാരത്തിന്റെ തർജമ അറിയാത്തവരെ തർജമ പഠിപ്പിക്കുക. ചുരുക്കിപ്പറഞ്ഞാൽ ഓ രോ വ്യക്തിയും നമസ്കാരം നടപ്പിൽ വരുത്തുകയും അത് ലോകത്ത് സ്ഥാപിക്കുന്നതിന് വ്യാപൃതരാകുകയും ചെയ്യുക. ആരെങ്കിലും നമസ്കാരത്തിന്റെ സവിശേഷതകൾ വിവരിക്കണം. ആരെങ്കിലും നമസ്കാരത്തിന്റെ തർജമ പഠിപ്പിക്കണം; ആരെങ്കിലും നമസ്കരിക്കുന്നതിന് ജനങ്ങളോടു പറയണം.

## ഖുത്ബ ജുമുഅ

**ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ഹദ്റത്ത് സുബയ്ള് ബിൻ ഖയ്സ്, ഹദ്റത്ത് ഉനയ്സ് ബിൻ ഖത്താദ, ഹദ്റത്ത് മുലയ്ൽ ബിൻ വബറ, ഹദ്റത്ത് നൗഫൽ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് വദീഅഃ ബിൻ അംറ്, ഹദ്റത്ത് യസീദ് ബിൻ മുൻദിർ, ഹദ്റത്ത് ഖാരിജഃ ബിൻ ഹുമയ്ർ അശ്ജഈ, ഹദ്റത്ത് സുറാഖഃ ബിൻ അംറ്, ഹദ്റത്ത് അബ്ബാദ് ബിൻ ഖയ്സ്, ഹദ്റത്ത് അബുള്ളയ്യാള് ബിൻ ഥാബിത് ബിൻ നുഅ്മാൻ, ഹദ്റത്ത് അനസഃ, ഹദ്റത്ത് അബൂ കബ്ശഃ സുലയിം ബിൻ കബ്ശഃ, ഹദ്റത്ത് മർഥദ് ബിൻ അബീ മർഥദ്, ഹദ്റത്ത് അബൂ മർഥദ് ബിൻ കന്നാസ്, ഹദ്റത്ത് സലീത്ത് ബിൻ ഖയ്സ്, ഹദ്റത്ത് മുജദ്ദർ ബിൻ സിയാദ്, ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിർ, ഹദ്റത്ത് രാഫാഅഃ ബിൻ റാഫിള് (റളിയല്ലാഹു അൻഹും) തുടങ്ങിയവരുടെ ധന്യമായ ജീവിതത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച.**

**ചില സ്വഹാബാക്കളുടെ പരസ്പരമുള്ള കാര്യങ്ങളിൽ ഉണ്ടായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങൾ രിവായത്തുകളിൽ നിന്ന് ലഭിക്കുന്നുണ്ട്. ആ ഭിന്നതകൾക്ക് മനസ്സിലിടം കൊടുക്കുക എന്നത് നമ്മുടെ ജോലിയല്ല. അല്ലഹുവിന്റെ മഗ്ഫിറത്തും റഹ്മത്തും വളരെ വിശാലമാണ്. അതിനെക്കുറിച്ച് ഇപ്പോൾ ചിന്തിക്കുന്നതിനും പറയുന്നതിനും പകരം നമുക്ക് നമ്മുടെ കാര്യം നോക്കേണ്ടതാണ്. നമ്മെ പരിഷ്കരിച്ചെടുക്കേണ്ടതാണ്. നമ്മൾ എപ്പോഴും ഒറ്റക്കെട്ടായും ഐക്യത്തിലുമിരിക്കാനും നന്മകളിൽ അഭിവൃദ്ധിപ്പെടാനും അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജൂലായ് 06/1397 വഫാ 06**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഈയിടെയായി ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത സ്വഹാബാക്കളെ കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ചരിത്രത്തിലും നിവേദനങ്ങളിലും ചില സ്വഹാബാക്കളുടെ ജീവിതസംഭവങ്ങൾ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരുപാടു സ്വഹാബക്കളെക്കുറിച്ച് ഹ്രസ്വമായ വിവരണങ്ങൾ മാത്രമാണ് ലഭിക്കുന്നത്. എന്തായാലും, ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതുകൊണ്ടുള്ള അവരുടെ സ്ഥാനമഹാത്മ്യത്തിന് മാറ്റം വരുന്നില്ല. അതുകൊണ്ട് ഏതാനും വരികളിലാണെങ്കിൽപ്പോലും അവരെക്കുറിച്ച് വിവരണമുണ്ടാകേണ്ടതാണ് ഹ്രസ്വമായ നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്ന സ്വഹാബക്കളെയാണ് ഞാൻ ഇന്ന് സ്മരിക്കുന്നത്.

അവരിൽ ഒന്നാമത്തെ സ്വഹാബിയാണ് ഹദ്റത്ത് സുബയ്ള് ബിൻ ഖയ്സ് ബിൻ അയ്ശയാണ്. ചിലർ അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് അബസ എന്നും ചിലർ അയ്ശ എന്നും എഴുതിയിട്ടുണ്ട്. എന്തായിലും അദ്ദേഹം അൻസ്വാരിയും ഖസ്റജിയുമായിരുന്നു. ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നു. (അസദുൽഗാബ, വാല്യം 2, പേജ് 407, സുബയ്ള് ബിൻ ഖയ്സ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 403, സുബയ്ള് ബിൻ ഖയ്സും ഉബാദ ബിൻ ഖയ്സും, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഖദീജ ബിൻത് അംറ് ബിൻ സയ്ദ് എന്നായിരുന്നു. അബ്ദുല്ലാഹ് എന്നു പേരുള്ള മകൻ ഉണ്ടായിരുന്നെങ്കിലും കുട്ടിക്കാലത്തുതന്നെ മരണപ്പെട്ടു. ഹദ്റത്ത് ഉബാദ ബിൻ ഖയ്സ് അദ്ദേഹത്തിന്റെ സഹോദരനായിരുന്നു. ഹദ്റത്ത് സുബയ്ളിന്റെ നേരെയുള്ള സഹോദരനായിരുന്നു സയ്ദ് ബിൻ ഖയ്സ്.

ഹദ്റത്ത് ഉനയ്സ് ബിൻ ഖത്താദ യാണ് മറ്റൊരു സ്വാഹാബി. ഉഹുദ് യുദ്ധാവസരത്തിലാണ് അദ്ദേഹം വഫാത്തായത്. ചിലയാളുകൾ പറയുന്നത് അദ്ദേഹത്തിന്റെ പേര് അനസ് എന്നായിരുന്നുവെന്നാണ്. ശരിയായ പേര് ഉനയ്സ് എന്നാണ്. മുഹമ്മദ് ബിൻ ഇസ്ഹാഖും മുഹമ്മദ് ബിൻ ഉമറും അദ്ദേഹത്തിന്റെ പേര് ഉനയ്സെന്ന് എഴുതിയിരിക്കുന്നു. നബി(സ)തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. അദ്ദേഹത്തിന് സന്താനങ്ങളൊന്നുമുണ്ടായിരുന്നില്ല. ശഹീദാകുന്നതിനുമുമ്പേ, ഉഹുദ് യുദ്ധദിവസം ഖൻസാ ബിൻത് ഖിദ്ദാമിനെ നിക്കാഹ് ചെയ്തിരുന്നുവെന്ന് ഒരു നിവേദനത്തിലുണ്ട്. (അസദുൽഗാബ, വാല്യം 1, പേജ് 305–306, ഉനയ്സ് ബിൻ ഖത്താദ മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 353–354, വമിൻ ബനീ ഉബയ്ദ് ബിൻ സയ്ദ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മുലയ്ൽ ബിൻ വബറ ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പേരിനെ കുറിച്ചും വിവിധ നിവേദനങ്ങളുണ്ട്. ഇബ്നു ഇസ്ഹാഖും അബൂ നഈമും അദ്ദേഹത്തിന്റെ പേര് മുലയ്ൽ ബിൻ വബറ ബിൻ അബ്ദുൽകരീം ബിൻ ഖാലിദ് ബിൻ അജ്ലാൻ എന്നെഴുതിയിരിക്കുന്നു. അബൂ ഉമറും കൽബിയും മുലയ്ൽ ബിൻ വബറ ബിൻ ഖാലിദ് ബിൻ അജ്ലാൻ എന്നും എഴുതിയട്ടുണ്ട്. ഇടയിലുള്ള അബ്ദുൽകരീം കാണുന്നില്ല. ഖസ്റജിന്റെ ശാഖയായ ബനുഅജലാനുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ ഇദ്ദേഹം പങ്കെടുത്തിരുന്നു.(അസദുൽഗാബ, വാല്യം 5, പേജ് 251, ലയ്ൽ ബിൻ വബറ മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

സയ്ദും ഹബീബയും അദ്ദേഹത്തിന്റെ മക്കളായിരുന്നു. അവരുടെ മാതാവ് ഉമ്മു സയ്ദ് ബിൻത് നള്ല ബിൻ മാലിക് ആയിരുന്നു. അദ്ദേഹത്തിന്റെ സന്താനപരമ്പര മുന്നോട്ടു പോയില്ല. അദ്ദേഹം ബദ്ർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നുവെന്ന് ഒരു രിവായത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. അദ്ദേഹത്തിന്റെ തലമുറ മുന്നോട്ടുണ്ടായില്ല. (അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 416, മുലയ്ൽ ബിൻ വബറ മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അദ്ദേഹത്തെ ഇബ്നു ഖാലിദ് ബിൻ അജ്ലാൻ എന്നും പറയുന്നുണ്ട്. അവിടന്ന് ബദ്ർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നതായി ഒരു രിവായത്തിൽ എഴുതപ്പെട്ടിരിക്കുന്നു.

ഹദ്റത്ത് നൗഫിൽ ബിൻ അബ്ദുല്ലാ ബിൻ നള്ലഃ ഒരു സ്വഹാബിയാണ്. അദ്ദേഹത്തിന്റെ വഫാത്ത് ഉഹുദ് യുദ്ധത്തിലായിരുന്നു. ചിലർ അദ്ദേഹത്തിന്റെ പേര് നൗഫിൽ ബിൻ ഥഅ്ലബാ ബിൻ അബ്ദുല്ലാ ബിൻ നള്ലഃ ബിൻ മാലിക് ബിൻ അജ്ലാൻ എന്നും പറഞ്ഞിട്ടുണ്ട്. അദ്ദേഹം ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി. അദ്ദേഹത്തിന് മക്കളുണ്ടായിരുന്നില്ല.(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 415, നൗഫിൽ ബിൻ അബ്ദുല്ലാ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് വദീഅഃ ബിൻ അംറാണ് ഒരു സ്വഹാബി. ഇബ്നു കൽബീ അദ്ദേഹത്തിന്റെ പേര് വദീഅഃ ബിൻ അംറ് ബിൻ യസാർ ബിൻ ഔഫ് എന്നെഴുതിയിരിക്കുന്നു. അബൂ മഅ്ശർ അദ്ദേഹത്തിന്റെ പേര് രിഫാഅ ബിൻ അംറ് ബിൻ ജർറാദ് എന്നാണ് എഴുതിയിട്ടുള്ളത്. അദ്ദേഹത്തിന്റെ ബന്ധം ബനൂ ജുഹയ്നയുമായിട്ടായിരുന്നു. അവർ ബനൂ നജ്ജാറിന്റെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഹദ്റത്ത് റബീഅ ബിൻ അംറ് അദ്ദേഹത്തിന്റെ സഹോദരനായിരുന്നു. (അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 377, വദീഅഃ ബിൻ അംറ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് യസീദ് ബിൻ മുൻദിർ ബിൻ സർഹ് ബിൻ ഖന്നാസ് ഒരു സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ബനൂഖസ്റജുമായിട്ടായിരുന്നു. അഖബാ ഉടമ്പടിയിൽ(ബയ്അത്തിൽ) പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് യസീദ് ബിൻ മുൻദിറിന്റേയും ഹദ്റത്ത് ആമിർ ബിൻ റബീഅയുടേയുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സഹോദരൻ മള്ഖിൽ ബിൻ മുൻദിറും അഖബാ ബയ്അത്തിലും ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്.(അസദുൽഗാബ, വാല്യം 5, പേജ്473, യസീദ് ബിനുൽമുൻദിർ മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 432, യസീദ് ബിൻ മുൻദിർ വ അഖൂഹു മള്ഖിൽ ബിൻ യസാർ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് ഖാരിജഃ ബിൻ ഹുമയ്ർ അശ്ജഈയാണ് ഒരു സ്വഹാബി.ഇദ്ദേഹത്തിന്റെ പേരിന്റെ കാര്യത്തിൽ ചരിത്രത്തിൽ ധാരാളം അഭിപ്രായഭിന്നതകളുണ്ട്. ഇബ്നു ഇസ്ഹാഖ് അദ്ദേഹത്തിന്റെ പേര് ഖാരിജഃ ബിൻ ഹുമയ്ർ എന്ന് പറഞ്ഞിരിക്കുന്നു. മൂസാ ബിൻ ഉഖ്ബാ അദ്ദേഹത്തിന്റെ പേര് ഹാരിഥ ബിൻ ഹുമയ്ർ എന്നാണ് പറഞ്ഞിട്ടുള്ളത്. വാഖ്ദി പറയുന്നത് അദ്ദേഹത്തിന്റെ പേര് ഹംസാ ബിൻ ഹുമയ്ർ എന്നാണ്. അദ്ദേഹത്തിന്റെ പിതാവിന്റെ പേരിനെ സംബന്ധിച്ചും അഭിപ്രായഭിന്നതകളുണ്ട്. ചിലർ ഹുമയ്ർ എന്നു പറഞ്ഞിരിക്കുന്നു. ചിലർ ഹുമയ്ർഹു എന്നും ഹുമയ്ർ എന്നും എഴുതിയിരിക്കു

ന്നു. എന്തായാലും അദ്ദേഹത്തിന്റെ ബന്ധം ബനൂ ഖസ്റജ് ഗോത്രത്തിന്റെ സഖ്യകക്ഷിയായ അശ്ജഉും ആയിട്ടായിരുന്നു എന്ന കാര്യത്തിൽ എല്ലാവരും യോജിക്കുന്നു. അദ്ദേഹത്തിന്റെ സഹോദരന്റെ പേര് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ എന്നാണ്. ബദ്ർ യുദ്ധത്തിൽ ഈ സഹോദരനും അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 1, പേജ് 649, ഹാരിഥത്തുബ്നു ഹുമയ്ർ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് സുറാഖഃ ബിൻ അംറ് ഒരു അൻസ്വാരി സ്വഹാബിയായിരുന്നു. അദ്ദേഹത്തിന്റെ മുഴുവൻ പേര് സുറാഖഃ ബിൻ അംറ് ബിൻ അത്വിയ്യഃ ബിൻ ഖൻസാ അൻസ്വാരി എന്നായിരുന്നു. ഹിജ്റ എട്ടാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ മുഅ്ത്താ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. ഉത്വൈല ബിൻത് ഖയ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. അൻസ്വാറുകളുടെ പ്രശസ്ത ഗോത്രമായ ബനൂ നജ്ജാറുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ ഇസ്‌ലാം സ്വീകരണത്തെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. നബി(സ)തിരുമേനിയുടെ മദീനയിലേക്കുള്ള ഹിജ്റത്തിനുമുമ്പേയായിരുന്നു അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നതെന്ന് ചിലരും അതല്ല ഹിജ്റത്തിനു കുറച്ചു കഴിഞ്ഞാണ് സ്വീകരിച്ചതെന്ന് ചിലരും പറയുന്നു. നബി(സ)തിരുമേനി ഹദ്റത്ത് മിഹ്ജഉ് മൗലാ ഉമറിനേയും ഹദ്റത്ത് സുറാഖഃ ബിൻ അംറിനേയും സഹോദരങ്ങളാക്കിയിരുന്നു. അദ്ദേഹം ബദ്ർ, ഉഹുദ്, ഖന്തക്ക്, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. അതുപോലെത്തന്നെ ഹുദയ്ബിയ സന്ധിയിലും പ്രഥമ ഉംറത്തുൽഖളായുടെ അവസരത്തിലും നബി(സ)തിരുമേനിയുടെ സഹവാസം അദ്ദേഹത്തിന് ലഭിച്ചു. രിള്‌വാൻ ബയ്അത്തിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബിയുമാണ് ഹദ്റത്ത് സുറാഖഃ ബിൻ അംറ്. അദ്ദേഹത്തിന്റെ സന്താനപരമ്പര നിലനിന്നിട്ടില്ല. അദ്ദേഹത്തിന്റെ ശഹാദത്ത് പറഞ്ഞതുപോലെ ഹിജ്റ എട്ടാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ മുഅ്ത്താ യുദ്ധത്തിലായിരുന്നു.(അൽഇസ്തീആബ്, വാല്യം 2, പേജ് 580, സുറാഖഃ ബിൻ അംറ്, മത്ബൂഅഃ ദാറുൽജയ്ൽ, ബേറൂത്ത് 1992)

ഹദ്റത്ത് അബ്ബാദ് ബിൻ ഖയ്സ്(റ) ഒരു സ്വഹാബിയാണ്. ഹിജ്റ എട്ടാം വർഷം മുഅ്ത്താ യുദ്ധത്തിൽ അദ്ദേഹം വഫാത്തായി. അദ്ദേഹത്തിന്റെ പേരിനെ സംബന്ധിച്ചും ഭിന്നാഭിപ്രായങ്ങളുണ്ട്. അദ്ദേഹത്തിന്റെ പേര് ഉബാദത്തുബ്നു ഖയ്സ് ബിൻ അയ്ശഃ എന്നാണെന്ന് ലഭിക്കുന്നുണ്ട്. ഇപ്രകാരം അദ്ദേഹത്തിന്റെ പിതാമഹന്റെ പേര് അബസഃ എന്നും പറയുന്നുണ്ട്. ഹദ്റത്ത് അബ്ബാദ്(റ), ഹദ്റത്ത് അബൂദ്ദർദാ(റ)യുടെ പിതൃവ്യനായിരുന്നു. ഹദ്റത്ത് അബ്ബാദ്(റ) ബദ്ർ, ഉഹുദ്, ഖന്തക്ക്, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ നബി(സ) തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഹുദയ്ബിയ സന്ധിയിലും അദ്ദേഹം നബിയോടൊപ്പം ഉണ്ടായിരുന്നു. മുഅ്ത്താ യുദ്ധത്തിലാണ് അദ്ദേഹം ശഹീദാകുന്നത്.(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 403, അബ്ബാദുത്തുബ്നു ഖയ്സ് അബാദ ബിൻ ഖയ്സും, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് അബുള്ളയ്യാള് ബിൻ ഥാബിത് ബിൻ നുഅ്മാൻ(റ)ഒരു സ്വഹാബിയാണ്. ഇദ്ദേഹം ഹിജ്റ ഏഴിനാണ് വഫാത്തായത്. അദ്ദേഹത്തിന്റെ പേര് ഉമയ്ർ ബിൻ ഥാബിത് ബിൻ നുഅ്മാൻ ഉമയ്യാ ബിൻ ഇംറുൽഖയ്സ് എന്നാണെന്ന് ഒരു നിവേദനമുണ്ട്. മറ്റൊരു നിവേദനമനുസരിച്ച് നുഅ്മാൻ ബിൻ ഥാബിത് ബിൻ ഇംറുൽഖയ്സ് എന്നാണ്. അദ്ദേഹം തന്റെ സംജ്ഞാനാമത്തിൽ പ്രശസ്തനാണ്; അത് അബുള്ളയ്യാള് അഥവാ ളയ്യാളിന്റെ പിതാവ് എന്നാണ്. ബദ്ർ, ഉഹുദ്, ഖന്തക്ക്, ഹുദയ്ബിയ സന്ധി എന്നിവയിൽ പങ്കെടുത്ത അദ്ദേഹം ഹിജ്റ ഏഴിന് ഖയ്ബർ യുദ്ധത്തിലാണ് ശഹീദായത്. ഒരു യഹൂദി അദ്ദേഹത്തിന്റെ തലയ്ക്കുവെട്ടിയെന്നും അതിനാൽ അദ്ദേഹത്തിന്റെ തല മുറിഞ്ഞുവെന്നും അങ്ങനെ അദ്ദേഹം ശഹീദായി എന്നുമാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. (അസദുൽഗാബ, വാല്യം 6, പേജ് 175, അബുള്ളയ്യാള് ബിൻ ഥാബിത്(റ) മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് അനസഃ(റ) ഒരു സ്വഹാബിയാണ്. അദ്ദേഹം ബദ്ർ യുദ്ധത്തിലാണ് വഫാത്തായത്. പക്ഷേ, അതിൽ അഭിപ്രായ വ്യത്യാസമുണ്ട്. കുറച്ചാളുകൾ പറയുന്നത് അദ്ദേഹം അബൂബക്കറിന്റെ കാലം വരെ ജീവിച്ചിരുന്നുവെന്നാണ്. എന്തായാലും അദ്ദേഹം നബി(സ)തിരുമേനി സ്വതന്ത്രനാക്കിയ അബ്സ്സീനിയൻ അടിമയായിരുന്നു. അൻസഃ എന്നായിരുന്നു പേര്; അബൂഅനസഃ എന്ന പേരുള്ളതായും പറയപ്പെടുന്നു. അബൂ മസ്റൂഹ് എന്നായിരുന്നു അദ്ദേഹത്തിന്റെ സംജ്ഞാനാമമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഇസ്‌ലാമിന്റെ ആദ്യദശയിൽത്തന്നെ ഹദ്റത്ത് അനസഃ(റ) ഇസ്‌ലാം സ്വീകരിക്കുകയും മദീനയിലേക്ക് ഹിജ്റത്ത് പോവുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ അതിഥിയായി. ജീവനുള്ള കാലമത്രയും നബി(സ)തിരുമേനിയെ സേവിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. അദ്ദേഹത്തിന്റേത് സുന്ദരമായ പ്രവൃത്തിയായിരുന്നു. ഇരിക്കുമ്പോൾ നബി(സ) തിരുമേനിയുടെ അനുവാദത്തോടെ മാത്രമേ ഇരിക്കുമായിരുന്നുള്ളു. അനുസരണത്തിൽ അത്രമാത്രം നിലവാരം അദ്ദേഹം പുലർത്തിയിരുന്നു. ബദ്ർ യുദ്ധത്തിൽ അദ്ദേഹം നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തു.(അസദുൽഗാബ, വാല്യം 1, പേജ് 301–302, അനസഃ(റ), മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് അബൂ കബ്ശഃ സുലയിം ബിൻ കബ്ശഃ ഒരു സ്വഹാബിയായിരുന്നു. ഇദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂകബ്ശഃ എന്നാണ്. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. ചലർ പറയുന്നത് അദ്ദേഹത്തിന്റെ പേര് സലമ ആയിരുന്നുവെന്നാണ്. അദ്ദേഹം നബി(സ)തിരുമേനി മോചിപ്പിച്ച പേർഷ്യൻ അടിമയായിരുന്നു. അവിടന്ന് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽപ്പെട്ട സ്വഹാബിയായിരുന്നു. അവിടത്തെ ജനനം ഔസ് മണ്ണിലായിരുന്നു. അവിടത്തെ നാടിനേയും വംശത്തേയും സംബന്ധിച്ച് വിവിധ നിവേദനങ്ങളാണുള്ളത്. ചിലർ ഫാർസിയാണെന്നും ചിലർ ദൗസിയാണെന്നും ചിലർ അദ്ദേഹം മക്കിയാണെന്നും പറയുന്നുണ്ട്. ഇസ്‌ലാമിന്റെ പ്രബോധന കാലഘട്ടത്തിലെ ആദ്യദശയിൽത്തന്നെ അദ്ദേഹം ഇസ്‌ലാം ആശ്ലേഷിച്ചു. ഹിജ്റത്ത് ചെയ്യാനുള്ള അനുവാദം ലഭിച്ചതിനെത്തുടർന്ന് മദീനയിൽ വന്നു. ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാല്യം 7, പേജ് 284, അബൂകബ്ശഃ, ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

അബൂകബ്ശഃ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ അൽഹദമിന്റെ വീട്ടിലാണ് താമസിച്ചത്. ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിൽ താമസിച്ചുവെന്നും ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ(റ) ഖലീഫയാകുന്നതിന്റെ മുമ്പേയുള്ള ദിവസമാണ് അദ്ദേഹം വഫാത്തായത്. ഇത് ജമാദുൽ ആഖിർ 22 ന് ആയിരുന്നു.(അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 36, അബൂ കബ്ശഃ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മർഥദ് ബിൻ അബീ മർഥദ് (റ) ഒരു സ്വഹാബിയാണ്. ഹിജ്റ 3ന് റജീഅ് എന്ന സ്ഥലത്താണ് അദ്ദേഹം വഫാത്തായത്. ബദ്റിൽ പങ്കെടുത്ത സ്വഹാബിയായിരുന്നു അദ്ദേഹം. ഹദ്റത്ത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബിന്റെ സുഹൃത്തായിരുന്നു. തന്റെ പിതാവിനോടൊപ്പം അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽത്തന്നെ അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചിരുന്നു. ബദ്ർയുദ്ധത്തിനുമുമ്പേ ഹിജ്റത്തു ചെയ്തു മദീനയിലേക്ക് വന്ന അദ്ദേഹത്തെ ഹദ്റത്ത് ഔസ് ബിൻ സ്വാമിത്തുമായിട്ടാണ് നബി(സ)തിരുമേനി സാഹോദര്യബന്ധം സ്ഥാപിച്ചത്. സബ്ൽ എന്നു പേരായ കുതിരയുമായാണ് അദ്ദേഹം ബദ്ർ യുദ്ധത്തിൽ ഹാജറായത്. റജീഅ് എന്ന സ്ഥലത്തേക്ക് നബി(സ)തിരുമേനി അയച്ച സംഘത്തിന്റെ പടത്തലവനായിരുന്നു ഹദ്റത്ത് മർഥദ് (റ)എന്നാണ് ഇബ്നു ഇസ്ഹാഖ് എഴുതിയിട്ടുള്ളത്. ഈ സംഭവം ഹിജ്റ മൂന്ന് സഫ്ർ മാസത്തിലാണ് ഉണ്ടായത്. ആ സംഘത്തെ നയിച്ചത് ആസിം ബിൻ ഥാബിത്താണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. (അത്ത്വബാഖാത്തുൽ കുബ്റാ, വാല്യം 3, പേജ് 35, അബൂമർഥദ്, മർഥദ് ബിൻ അബീ മർഥദ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

അദ്ദേഹത്തിന്റെ ശഹാദത്ത് സംഭവം ഇങ്ങനെയാണ്. അളൽ ഗോത്രവും ഖാറാ ഗോത്രവും ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു എന്ന് കളവ് പറഞ്ഞ് മതപരമായ അധ്യാപനങ്ങൾ പഠിക്കാൻ തങ്ങൾക്ക് കുറച്ച് അധ്യാപകരെ അയച്ചുതരാൻ നബി(സ)തിരുമേനിയോടു അപേക്ഷിച്ചു. അപ്പോൾ അവിടന്ന് (ഇതിനെ കുറിച്ചും നിവേദനങ്ങളിൽ അഭിപ്രായഭിന്നതകളുണ്ട്) ഹദ്റത്ത് മർഥദിന്റേയോ അല്ലെങ്കിൽ ഹദ്റത്ത് ആസിമിന്റേയോ നേതൃത്വത്തിൽ ഒരു സംഘത്തെ അയച്ചു. ഇവർ റജീഅ് എന്ന സ്ഥലത്തെത്തി. ഹുദയൽ ഗോത്രക്കാർ നഗ്നമായ വാളുകളുമായി വന്ന്, തങ്ങളുടെ ഉദ്ദേശ്യം നിങ്ങളെ കൊല്ലുക എന്നതല്ലെന്നും നിങ്ങൾക്കു പകരം മക്കക്കാരിൽനിന്ന് ധനം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞു. ഞങ്ങൾ നിങ്ങളെ സംരക്ഷിക്കുമെന്ന് വാക്ക് തരുന്നുവെന്നും അറിയിച്ചു. അപ്പോൾ തങ്ങൾക്ക് നിങ്ങളുടെ കരാറിൽ വിശ്വാസമില്ലെന്ന് ഹദ്റത്ത് മർഥദും ഖാലിദും ആസിമും അവരോടു പറഞ്ഞു. ഇങ്ങനെ അവരുമായി പോരാടി ഇവർ മൂവരും ശഹീദായി.

ഹദ്റത്ത് അബൂ മർഥദ് കന്നാസ് ബിൻ അൽഹുസ്വയ്നി ഗനവി(റ)ആണ് മറ്റൊരു സ്വഹാബി. ഹിജ്റ 12 ലാണ് ഇദ്ദേഹം വഫാത്തായത്. ചിലയാളുകളുടെ പക്കൽ അദ്ദേഹത്തിന്റെ സംജ്ഞാനാമം അബൂ ഹിസ്വുൻ എന്നായിരുന്നു. ശാമിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. ആരംഭ കാലത്തുതന്നെ അദ്ദേഹം ഇസ്‌ലാം സ്വീകരിക്കുകയും ഹിജ്റത്ത് ചെയ്യാൻ അനുമതി ലഭിച്ചതിനെത്തുടർന്ന് മദീനയിലേക്ക് വരികയും ചെയ്തു. അദ്ദേഹത്തെ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തുമായാണ് നബി(സ)തിരുമേനി സാഹോദര്യത്തിലാക്കിയത്. (സയ്റുസ്സ്വഹാബ, ശാഹ് മുഈനുദ്ദീൻ അഹ്മദ് നദ്‌വി, വാല്യം 2 ഭാഗം 2, പേജ് 581, മത്ബൂഅ ദാറുൽ ഇശാഅത്ത് കറാച്ചി)

ഹദ്റത്ത് അബൂമർഥദ്(റ) തന്റെ മകനോടൊപ്പം ഹിജ്റത്ത് ചെയ്തപ്പോൾ രണ്ടു പേരും ഹദ്റത്ത് കുൽഥൂം ബിൻ അൽഹദമിന്റെ അടുക്കലാണ് താമസിച്ചത്. അവർ രണ്ടുപേരും ഹദ്റത്ത് സഅ്ദ് ബിൻ ഹയ്ഥമയുടെ വീട്ടിലാണ് താമസിച്ചിരുന്ന

“ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക.”
(ഖുത്ബ ജുമുഅ, 2017 മെയ് 5)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

“ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്.”
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

തെന്ന് ചിലർ പറയുന്നുണ്ട്. ഹദ്റത്ത് അബൂമർഥദ് എല്ലാ യുദ്ധങ്ങളിലും തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു.(അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 34-35, അബൂമർഥദ് മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് അബൂമർഥദിന് ചരിത്രത്തിൽ മറ്റൊരു സ്ഥാനവുമുണ്ട്. മക്കാ വിജയത്തിനുമുമ്പേ ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്വാ തന്റെ ഭാര്യാ മക്കളുടെ സംരക്ഷണാർഥം ഒരു കത്തു മുഖേന മക്കക്കാർക്ക് രഹസ്യസന്ദേശം നല്കാൻ ആഗ്രഹിച്ചു. നബി(സ)തിരുമേനിയോടു ആ വിവരം അല്ലാഹു പറഞ്ഞു. അങ്ങനെ അവിടന്ന് മൂന്നുപേരെ കത്തുംകൊണ്ടു പോകുന്ന സ്ത്രീയുടെ അടുക്കലേക്കയച്ചു. അവർ ആ കത്ത് കണ്ടെടുത്തു. അവരിൽ ഒരാൾ ഹദ്റത്ത് അബൂമർഥയും ആയിരുന്നു. ഹദ്റത്ത് അലിയിൽനിന്ന് നിവേദനം, അവിടന്ന് പറയുന്നു:നബി(സ)തിരുമേനി എന്നേയും അബൂമർഥദ് ഗനവിയേയും സുബയ്റിനേയും അയച്ചു. ഞങ്ങൾ കുതിരപ്പുറത്തായിരുന്നു യാത്ര ചെയ്തത്. നബി(സ)തിരുമേനി നിങ്ങൾ പുറപ്പെടാൻ പറഞ്ഞു. 'നിങ്ങൾ റൗളാഖാഖിലെത്തുമ്പോൾ അവിടെ ബഹുദൈവാരാധകരിൽപ്പെട്ട ഒരു സ്ത്രീയെ കാണും. അവളുടെ കൈയിൽ ഹാത്വിബ് ബിൻ അബീ ബൽത്വാ മുശ്രിക്കീംകളുടെ പേരിൽ അയച്ച കത്തുണ്ട്.' ഇത് ബുഖാരിയിൽ വന്ന നിവേദനമാണ്.(സ്വഹീഹ് ബുഖാരി, കിതാബുൽ മഗാസി ഹദീഥ് 3983)

അദ്ദേഹം നബി(സ)തിരുമേനിയിൽനിന്ന് ഒരു ഹദീഥും നിവേദനം ചെയ്തിട്ടുണ്ട്. മുസ്‌ലിം ബഗ്‌വി തുടങ്ങിയവയിൽ അദ്ദേഹത്തിന്റെ ഒരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു, 'ഞാൻ നബി(സ)തിരുമേനി പറയുന്നതായി കേട്ടു: 'ഖബ്റുകളിൽ ഇരിക്കരുത്. അതിലേക്ക് മുഖം തിരിച്ച് നമസ്കരിക്കുകയുമരുത്.'(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 7, പേജ് 305, അബൂമർഥദിൽ ഗനവി, മത്ബൂഅ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 12 ന് 66-ാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്.(സയ്റുസ്സ്വഹാബ, ശാഹ് മുഈനുദ്ദീൻ അഹ്‌മദ് നദ്‌വി, വാള്യം 2 ഭാഗം 2, പേജ് 581, മത്ബൂഅ ദാറുൽ ഇശാഅത്ത് കറാച്ചി)

ഹദ്റത്ത് സലീത്വ് ബിൻ ഖയ്സ് ബിൻ അംറ്(റ) ഒരു സ്വഹാബിയാണ്. ഹിജ്റ 14 ൽ ആണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് സലീത്വ് ബിൻ ഖയ്സ് ബിൻ അംറ് ബിൻ ഉബയ്ദ് ബിൻ മാലിക്ക് എന്നാണ് അദ്ദേഹത്തിന്റെ മുഴുവൻ പേര്. ഹദ്റത്ത് സലീത്വ് ബിൻ ഖയ്സും ഹദ്റത്ത് അബൂ സിർമയും ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ബനൂ അദിയ്യു ബിൻ നജ്ജാർ കുടുംബത്തിന്റെ വിഗ്രഹം തകർത്തു. നബി(സ)തിരുമേനി ഹിജ്റത്തു ചെയ്ത് മദീനയിൽ പോയപ്പോൾ, അവിടന്ന് ഒട്ടകത്തിനുമേലിരുന്ന് മദീന പട്ടണത്തിൽ പ്രവേശിച്ചുകൊണ്ടിരുന്നപ്പോൾ ഓരോ ഗോത്രവും ആഗ്രഹിച്ചിരുന്നത് തങ്ങളുടെ വീട്ടിൽ താമസിക്കണമെന്നായിരുന്നു. ആ ഒട്ടകം ബനൂ അദിയ്യുടെ വീടിനടുത്തെത്തിയപ്പോൾ -ഇദ്ദേഹം നബി(സ)തിരുമേനിയുടെ മാതുലനായിരുന്നു, കാരണം സൽമ ബിൻത് അംറും അബുദുൽ മുത്ത്വലിബിന്റെ മാതാവും ഇതേ ഗോത്രത്തിൽപ്പെട്ടവരായിരുന്നു- ഹദ്റത്ത് സലീത്ത് ബിൻ ഖയ്സ്, അബൂസലീത്വും അസീറ ബിൻ അബൂഖാരിജയും(റ:മാ) ചേർന്ന് ഒട്ടകത്തെ തടഞ്ഞു നിറുത്താൻ ആഗ്രഹിച്ചു. അപ്പോൾ നബി(സ) തിരുമേനി അവരോടു പറഞ്ഞു: 'എന്റെ ഒട്ടകത്തെ വിട്ടേക്കുക; അതിന് കല്പന നല്കപ്പെട്ടിരിക്കുന്നു. ദൈവം ഇച്ഛിക്കുന്നിടത്ത് അത് സ്വയം ചെന്നിരിക്കുന്നതായിരിക്കും.' ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും ഹദ്റത്ത് സലീത്(റ), നബി(സ)യുടെ കൂടെ ഉണ്ടായിരുന്നു. ഹിജ്റ 14ന് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് 'ജസ്റാ അബീഉബയ്ദ്' യുദ്ധത്തിലാണ് അദ്ദേഹം ശഹീദാകുന്നത്. (അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 388, സലീത്വ്ബിൻ ഖയ്സ് മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മുജദ്ദർ ബിൻ സിയാദ്(റ)ഒരു സ്വഹാബിയാണ്. ഉഹുദ് യുദ്ധത്തിലാണ് ഇദ്ദേഹം ശഹീദാകുന്നത്. മുജദ്ദർ എന്നത് അദ്ദേഹത്തിന്റെ സ്ഥാനപ്പേരായിരുന്നു. തടിച്ച ശരീരമുള്ളവൻ എന്നാണതിനർഥം. നബി(സ)തിരുമേനി ഹദ്റത്ത് മുജദ്ദർറിനേയും ഹദ്റത്ത് ആഖിൽ ബിൻ ബകീറിനേയും സഹോദരങ്ങളാക്കി. നബി(സ)തിരുമേനി ഹദ്റത്ത് മുജദ്ദറിനേയും ഹദ്റത്ത് ഉക്കാശത്തുബ്നു മിഹസ്വനേയും സഹോദരങ്ങളാക്കിയെന്നും മറ്റൊരു സ്ഥലത്ത് വന്നിരിക്കുന്നു. ഹദ്റത്ത് മുജദ്ദർ ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 5, പേജ് 572-573, അൽമുജദ്ദർ ബിൻ സിയാദ്, മത്ബൂഅ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1995)

ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു, നബി(സ) അബൂബഖ്തരിയെ കൊല്ലുന്നത് വിലക്കുകയുണ്ടായി. എന്തെന്നാൽ, നബി(സ)തിരുമേനിയെ ജനങ്ങൾ ഉപദ്രവിക്കുമ്പോൾ അയാൾ തടയുമായിരുന്നു. (അതുകൊണ്ട് അയാളെ കൊല്ലരുതെന്ന് നബി(സ) തിരുമേനി പറഞ്ഞു). അയാൾ സ്വയം നബി(സ)യെ ഉപദ്രവിച്ചിരുന്നുമില്ല. ഖുറയ്ശികൾ ബനൂഹാശിം, ബനീമുത്ത്വലിബ് കുടുംബങ്ങൾക്കെതിരിൽ ഉണ്ടാക്കിയ കരാറിനെ എതിർത്ത വ്യക്തിയായിരുന്നു അദ്ദേഹം. ഹദ്റത്ത് മുജദ്ദർ(റ), അബൂബഖ്തരിയെ കണ്ടു പറഞ്ഞു: 'താങ്കളെ കൊല്ലുന്നതിൽനിന്ന് നബി(സ)തിരുമേനി ഞങ്ങളെ തടഞ്ഞിരിക്കുന്നു.' അബൂബഖ്തരിയുടെ കൂടെ അദ്ദേഹത്തിന്റെ കൂട്ടുകാരനുമുണ്ടായിരുന്നു. അയാളോടൊപ്പം മക്കയിൽനിന്ന് പുറപ്പെട്ടതാണ്. അദ്ദേഹത്തിന്റെ പേര് ജുനാദ ബിൻ മുലയ്ഹാ എന്നായിരുന്നു. അദ്ദേഹം ബനൂലയ്സിൽപ്പെട്ടയാളായിരുന്നു. അബൂബഖ്തരിയുടെ പേര് ആസ് എന്നായിരുന്നു. അബൂബഖ്തരി പറഞ്ഞു: 'എന്റെ കൂട്ടുകാരനെസ്സംബന്ധിച്ച കല്പന എന്താണ്? ഹദ്റത്ത് മുജദ്ദർ(റ) പറഞ്ഞു: 'അല്ലാഹുവാണ, ഞങ്ങൾ നിന്റെ കൂട്ടുകാരനെ വിടില്ല. നിങ്ങളെ കുറിച്ചുമാത്രമാണ് ഞങ്ങൾക്ക് നബി(സ)യുടെ കല്പനയുള്ളത്.' അയാൾ പറഞ്ഞു: 'മരിക്കുകയാണെങ്കിൽ ഞങ്ങൾ ഒരുമിച്ചായിരിക്കും. സ്വന്തം ജീവനുവേണ്ടി കൂട്ടുകാരെ കൈവിട്ടുവെന്ന് മക്കയിലെ സ്ത്രീകൾ പറഞ്ഞു നടക്കുന്നത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.' അങ്ങനെ അവർ രണ്ടുപേരും യുദ്ധത്തിനു തയ്യാറായി. മുജദ്ദർ(റ) അയാളെ കൊലപ്പെടുത്തി. ഹദ്റത്ത് മുജദ്ദർ(റ), നബി(സ)തിരുമേനിയുടെ സന്നിധയിൽ ഹാജരായി. പറഞ്ഞു: ആരാണോ അങ്ങയെ സത്യത്തോടു കൂടി അയച്ചത് അവനാണ! അദ്ദേഹം അമീറാകാൻ ഞാൻ അദ്ദേഹത്തോടു നിർബന്ധിച്ചു പറഞ്ഞതാണ്. ഞാൻ അദ്ദേഹത്തെ അങ്ങയുടെ അടുക്കൽ കൊണ്ടുവരുമായിരുന്നു. എന്നാൽ, അദ്ദേഹം അത് ഇഷ്ടപ്പെട്ടില്ല. അവസാനം അദ്ദേഹം ഞാനുമായി യുദ്ധം ചെയ്തു. ഞാൻ അദ്ദേഹത്തെ വധിച്ചു.(അസദുൽഗാബ, വാള്യം 5, പേജ് 59-60, അൽമുജദ്ദർ ബിൻ സിയാദ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് മുജദ്ദറിന്റെ സന്താനങ്ങൾ മദീനയിലും ബാഗ്ദാദിലും ഉണ്ടായിരുന്നു. അബീ വാഅലിൽ നിന്ന് നിവേദനം: 'മുജദ്ദർ ബിൻ സിയാദ്, നുഅ്മാൻ ബിൻ മാലിക്, അബ്ദാ ബിൻ ഹസ്ഹാസ് എന്നിവരാണ് ഒരേയൊരു ഖബറിൽ മറയടക്കപ്പെട്ട ഉഹുദിലെ മൂന്നു ശഹീദുമാർ.(അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 417, അൽമുജദ്ദർ ബിൻ സിയാദ്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

പക്ഷേ, ഒരു രിവായത്തിൽ ഇങ്ങനെയും വന്നിട്ടുണ്ട്. ഹദ്റത്ത് അനീസാ ബിൻത് അദിയ്യ് നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായിക്കൊണ്ട് പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, എന്റെ മകൻ അബ്ദുല്ലാ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുകയും ഉഹുദ് യുദ്ധത്തിൽ ശഹീദാവുകയും ചെയ്തയാളാണ്. ഞാൻ ആഗ്രഹിക്കുന്നത് എന്റെ മകന്റെ സാമീപ്യം എനിക്ക് കിട്ടുന്നതിനുവേണ്ടി അവനെ എന്റെ വീടിനടുത്ത് മറയടക്കണമെന്നാണ്. നബി(സ) തിരുമേനി അനുവാദം നല്കി. ഹദ്റത്ത് അബ്ദുല്ലായോടൊപ്പം അദ്ദേഹത്തിന്റെ സുഹൃത്ത് ഹദ്റത്ത് മുജദ്ദറിനേയും ഒരേയൊരു ഖബ്റിൽ ഖബറടക്കാൻ തീരുമാനിച്ചു. അങ്ങനെ രണ്ട് സുഹൃത്തുക്കളേയും ഒരേയൊരു കമ്പിളിൽ പൊതിഞ്ഞ് ഒട്ടകത്തിന്മേൽവെച്ച് മദീനയിൽ കൊണ്ടുപോയി. അവരിൽ അബ്ദുല്ല മെലിഞ്ഞയാളായിരുന്നു. മുജദ്ദറിന്റെ ശരീരം തടിച്ചതും. ഒട്ടകത്തിന്മേൽ രണ്ടുപേരുടേയും തൂക്കം സമമായിരുന്നുവെന്ന് ഇറക്കുന്ന ആളുകൾ കാണുകയും അതിൽ അവർ അത്ഭുതപ്പെടുകയും ചെയ്തിരുന്നുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: 'അവർ രണ്ടുപേരുടേയും കർമങ്ങളാണ് അവരെ സമന്മാരാക്കിയത്.'

ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിർ ബിൻ ജമൂഹ് (റ)ഒരു സ്വഹാബിയായിരുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങി എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയെ അനുഗമിച്ചിരുന്നു. ഉഹുദു യുദ്ധത്തിൽ സ്ഥിരചിത്തനായിക്കൊണ്ട് തിരുമേനിയോടൊപ്പം നിന്നു. മൗത്തിൽ ബയ്അത്ത് ചെയ്തു. (അസദുൽഗാബ, വാള്യം 1, പേജ് 665, ഹുബ്ബാബ് ബിൻ മുൻദിർ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

അദ്ദേഹത്തെക്കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു. 'ഏതൊരു സ്ഥലത്താണോ ഇസ്‌ലാമിക സൈന്യം താവളമടിച്ചിരുന്നത് അത് നല്ലതല്ലായിരുന്നു. അപ്പോൾ ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിർ(റ), നബി(സ) തിരുമേനിയോടു ചോദിച്ചു: 'ഈ സ്ഥലം അങ്ങു തിരഞ്ഞെടുത്തത് ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലാണോ അതോ സൈനിക നീക്കം എന്ന നിലയിലാണോ?' നബി(സ)തിരുമേനി പറഞ്ഞു: 'ഇതുസംബന്ധമായി ദൈവികമായ കല്പനയില്ല. അഭിപ്രായം വല്ലതുമുണ്ടെങ്കിൽ പറയാം.' അപ്പോൾ ഹുബ്ബാബ് ബിൻ മുൻദിർ(റ) പറഞ്ഞു: 'എങ്കിൽ ഈ സ്ഥലം നല്ലതല്ല എന്നാണെന്റെ അഭിപ്രായം. ഖുറയ്ശികളുടെ ഏറ്റവും അടുത്തുള്ള അരുവി പിടിച്ചെടുക്കുന്നതായിരിക്കും നല്ലത്. എനിക്ക് ആ അരുവിയെക്കുറിച്ച് അറിയാം; വേണ്ടത്ര നല്ല തെളിഞ്ഞ വെള്ളം അതിലുണ്ട്.' നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ ഈ നിർദേശം ഇഷ്ടപ്പെട്ടു. ഖുറയ്ശികൾ കുന്നിന്റെ അപ്പുറത്താണ് തമ്പടിച്ചിരുന്നത്. അതുകൊണ്ട് ആ അരുവിയിൽ ആരുമുണ്ടായിരുന്നില്ല. മുസ്‌ലിംകൾ മുന്നേറ്റം നടത്തി അതു പിടിച്ചെടുത്തു. പക്ഷേ, വിശുദ്ധഖുർആനിൽനിന്ന് സൂചന ലഭിക്കുന്നതുപോലെ ആ നേരത്ത് അരുവിയിലും വെള്ളം അധികമുണ്ടായിരുന്നില്ല. മുസ്‌ലിംകൾക്ക് വെള്ളത്തിന്റെ കുറവും അനുഭവപ്പെട്ടു. പിന്നെ ആ താഴ്‌വരയുടെ ഏതുഭാഗത്തായിരുന്നുവോ മുസ്‌ലീംകൾ ഉണ്ടായിരുന്നത് അത് നല്ല സ്ഥലവുമായിരുന്നില്ല. കാരണം ആ ഭാഗത്ത് പൂഴിമണ്ണ് കൂടുതലായിരുന്നു.

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്‌മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്‌മദ്,അഹ്‌മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിആ അഹ്‌മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്‌മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ഇക്കാരണത്താൽ ചുവടുറക്കുന്നുണ്ടായിരുന്നില്ല. പിന്നീട് അല്ലാഹുവിന്റെ സഹായത്താൽ മഴ പെയ്തു. അതിനാൽ മുസ്‌ലിംകൾക്ക് ഹൗളുണ്ടാക്കാനും വെള്ളം സംഭരിക്കാനുമുള്ള അവസരം കിട്ടി. മണ്ണ് ഉറയ്ക്കുകയും ചെയ്തു. കാലുകൾ മണ്ണിൽ പൂണ്ടുപോകുന്നതിൽനിന്ന് സുരക്ഷിതമായി. മറുഭാഗത്ത് ഖുറയ്ശികളുടെ സ്ഥലത്ത് ചളിക്കെട്ടുണ്ടായി. അവിടെത്തെ വെള്ളവും മോശമായി.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ:മാ) വിവരിക്കുന്നു; ഹദ്റത്ത് ജിബ്‌രീൽ(അ), നബി(സ)തിരുമേനിക്ക് ഇറങ്ങിക്കൊണ്ട് ഹദ്റത്ത് ഹുബ്ബാബിന്റെ അഭിപ്രായം ശരിയാണെന്ന് അറിയിക്കുകയുണ്ടായി. നബി(സ)തിരുമേനി പറഞ്ഞു: 'ഹുബ്ബാബേ! താങ്കൾ വളരെ യുക്തിസഹമായ അഭിപ്രായമാണ് നല്കിയത്.' ബദ്ർ യുദ്ധത്തിൽ ഖസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിറിന്റെ കൈയിലായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിന് 33 വയസ്സായിരുന്നു.'(അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 2, പേജ് 10 ബദ്ർ യുദ്ധം, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

അദ്ദേഹത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതി:നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ നീക്കങ്ങളെക്കുറിച്ചുള്ള രഹസ്യവിവരം ലഭിച്ചപ്പോൾ ശത്രുക്കളുടെ എണ്ണവും ശക്തിയും അറിഞ്ഞുകൊണ്ടു വരുന്നതിന് ഹുബ്ബാബ് ബിൻ മുൻദിറിനെയാണ് അയച്ചത്. ശത്രുവിന്റെ ശക്തി കൂടുതലും അവരുടെ അംഗസംഖ്യ അധികവും മുസ്‌ലീംകൾക്ക് ഭീഷണിയുമാണെങ്കിൽ തിരിച്ചുവന്ന് മജ്‌ലിസിൽ അക്കാര്യം പറയരുതെന്നും മുസ്‌ലീംകൾക്ക് ഒരു തരത്തിലുള്ള ദുഷ്ചിന്തയും ഉണ്ടാകാതിരിക്കാൻ രഹസ്യമായി പറയണമെന്നും അദ്ദേഹത്തോടു നബി(സ)തിരുമേനി താക്കീതു ചെയ്ത് പറഞ്ഞിരുന്നു. ഹുബ്ബാബ് വളരെ രഹസ്യമായി പോവുകയും അതീവ സാമർഥ്യത്തോടെ കാര്യങ്ങൾ മനസ്സിലാക്കി എല്ലാ അവസ്ഥകളും തിരുമേനിയെ അറിയിക്കുകയും ചെയ്തു.'(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 484)

യഹ്‌യാ ബിൻ സഅ്ദ് നിവേദനം. നബി(സ) തിരുമേനി 'ഖുറയ്ള്വ' ദിനത്തിലും 'അന്നളീർ' ദിനത്തിലും ജനങ്ങളോടു അഭിപ്രായം ആരാഞ്ഞപ്പോൾ ഹുബ്ബാബ് ബിൻ മുൻദിർ എഴുന്നേറ്റുനിന്ന് പറഞ്ഞു: 'നമ്മൾ കൊട്ടാരങ്ങളുടെ ഇടയിൽ താവളമടിക്കണം എന്നാണ് എന്റെ അഭിപ്രായം.'(അതായത് അതിന്നടുത്തുപോകുക. അപ്പോൾ അവിടെത്തെ കാര്യങ്ങൾ മനസ്സിലാക്കാനും ശരിയായ നിലയിൽ മേൽനോട്ടം വഹിക്കാനുംകഴിയും).അദ്ദേഹത്തിന്റെ ആ അഭിപ്രായമനുസരിച്ചാണ് നബി(സ)തിരുമേനി പ്രവർത്തിച്ചത്. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്താകുന്നത്.'(അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 427–428 ഹുബ്ബാബ് ബിൻ മുൻദിർ, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990).

നബി(സ) തിരുമേനി വഫാത്തായപ്പോൾ മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം വിഷമകരമായിരുന്നു. അവരെ ഹദ്റത്ത് അബൂബക്കർ(റ)എങ്ങനെയാണ് നിയന്ത്രിച്ചത്. ആ സംഭവം ഇങ്ങനെയാണ്: ഹദ്റത്ത് അബൂബക്കർ(റ)അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്തുകൊണ്ടു പറഞ്ഞു: നോക്കൂ! ആരാണോ മുഹമ്മദ്(സ)യെ പൂജിച്ചിരുന്നത് അവർ കേട്ടുകൊള്ളുക. മുഹമ്മദ്(സ) തീർച്ചയായും വഫാത്തായിരിക്കുന്നു. ആരാണോ അല്ലാഹുവിനെ പൂജിച്ചിരുന്നത് അവർ ഓർമിക്കുക. അല്ലാഹു ജീവിച്ചിരിക്കുന്നു. അവൻ ഒരിക്കലും മരിക്കുകയില്ല.' ഹദ്റത്ത് അബൂബക്കർ ഈ ആയത്ത് ഓതി: ഇന്നക്ക മയ്യിത്തുൻ വ ഇന്നഹും മയ്യിത്തൂൻ. നിങ്ങളും മരിക്കുന്നവരാണ്. അവരും മരിക്കുന്നവരാണ്. പിന്നീട് അദ്ദേഹം ഈ ആയത്തും ഓതി:വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻഖബ്‌ലിഹിർറുസുൽ അഫിൻമ്മാത്ത ഔ ഖുത്തിലൻഖലബ്ത്തും അലാ അഅ്ഖാബിക്കും വമൻയ്യൻഖലിബ് അലാ അഖിബയ്ഹി ഫലൻയ്യളുർറല്ലാഹ ശയ്അൻ വ സയജ്സില്ലാഹുശ്ശാക്കിരീൻ മുഹമ്മദ് ഒരു ദൈവദൂതൻ മാത്രമാണ്. അദ്ദേഹത്തിന് മുമ്പേയുണ്ടായിരുന്ന എല്ലാ ദൈവദൂതന്മാരും മരണം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിൽ പിന്തിരിഞ്ഞുപോകുകയോ? ഏതൊരാൾ തന്റെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുമോ അയാൾ അല്ലാഹുവിന് ഒരിക്കലും ഒരു ദോഷവും വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തീർച്ചയായും പ്രതിഫലം നല്കുന്നതാണ്.

സുലയ്മാൻ പറയുന്നു: ഇതുകേട്ട് ജനങ്ങൾ കരയാൻ തുടങ്ങി. അവരുടെ ഏങ്ങലടികൾ നിലയ്ക്കാൻ തുടങ്ങി. സുലയ്മാൻ പറയുന്നു: ബനീ സായിദായുടെ വീട്ടിൽ ഹദ്റത്ത് സഅ്ദ്ബിൻ ഉബാദയുടെ അടുക്കൽ അൻസ്വാർ സംഘടിച്ചു. അവർ പറഞ്ഞു: ഒരു അമീർ ഞങ്ങളിൽനിന്ന് ഉണ്ടാകണം. ഒരു അമീർ നിങ്ങളിൽനിന്നും ഉണ്ടാകണം. ഹദ്റത്ത് അബൂബക്കറും ഹദ്റത്ത് ഉമർ ബിൻ ഖത്വാബും ഹദ്റത്ത് അബൂ ഉബയ്ദ ബിൻ അൽജർറഹും അവരുടെയടുക്കൽ പോയി. ഹദ്റത്ത് ഉമർ പറയാൻ മുതിർന്നപ്പോൾ ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തെ തടഞ്ഞു. ഹദ്റത്ത് ഉമർ പറയുകയായിരുന്നു അല്ലാഹുവാണ! ഞാൻ സംസാരിക്കാൻ ആഗ്രഹിച്ചിരുന്നത് ഞാൻ എനിക്ക് നല്ലവണ്ണം ഇഷ്ടപ്പെട്ട ഒരു പ്രസംഗം തയ്യാറാക്കിയിരുന്നതുകൊണ്ടാണ്;ഹദ്റത്ത് അബൂബക്കറിന് അത്രത്തോളം എത്താൻ കഴിയുമോ എന്ന് ഞാൻ ഭയപ്പെട്ടു. അതായത് അങ്ങനെ അദ്ദേഹത്തിന് സംസാരിക്കാൻ കഴിയുകയില്ലെന്ന്. അതിനുശേഷം ഹദ്റത്ത് അബൂബക്കർ പ്രസംഗിച്ചു. അത് എങ്ങനെയുള്ള പ്രസംഗമായിരുന്നുവെന്നാൽ സാഹിത്യത്തിൽ എല്ലാവരുടേയും പ്രസംഗങ്ങളേയും വെല്ലുന്നതായിരുന്നു. അദ്ദേഹം തന്റെ പ്രസംഗത്തിന്നിടയിൽ ഇങ്ങനേയും പറഞ്ഞു. അമീർ ഞങ്ങളാണ്. നിങ്ങൾ മന്ത്രിയും. ഹുബ്ബാബ് ബിൻ മുൻദിർ ഇതുകേട്ട് പറഞ്ഞു. അങ്ങനെയൊരിക്കലുമല്ല. ഇവിടെ ഇക്കാര്യം പറയുന്നത് ഹുബ്ബാബ് ബിൻ മുൻദിറിനെ കുറിച്ചുള്ള ചർച്ച വന്നതുകൊണ്ടാണ്. ഹുബ്ബാബ് ബിൻ മുൻദിർ ഇതുകേട്ട് പറഞ്ഞു: 'അങ്ങനെയൊരിക്കലുമില്ല. അല്ലാഹുവാണ! അങ്ങനെയൊരിക്കലുമില്ല. അല്ലാഹുവാണ! അങ്ങനെയൊരിക്കലും ഞങ്ങൾ ചെയ്യുകയില്ല. ഒരു അമീർ ഞങ്ങളിൽനിന്നുണ്ടാകും. ഒരു അമീർ നിങ്ങളിൽനിന്നുമുണ്ടാകും.'അതായത് ഖുറയ്ശികളിൽനിന്നും അൻസ്വാറുകളിൽനിന്നും. ഹദ്റത്ത് അബൂബക്കർ(റ) പറഞ്ഞു: 'അല്ല. പ്രത്യുത അമീർ ഞങ്ങളാണ്. നിങ്ങൾ മന്ത്രിയും. കാരണം ഈ ഖുറയ്ശികൾ കുലത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അറിവുകളേക്കാളും ഉന്നതരാണ്. കുലത്തിന്റെ അടിസ്ഥാനത്തിൽ അവർ പൗരാണികമായ അറബികളാണ്. അതുകൊണ്ട് ഉമറിനോ അബൂ ഉബയ്ദയ്ക്കോ നിങ്ങൾ ബയ്അത്ത് ചെയ്യുക.' ഹദ്റത്ത് ഉമർ പറഞ്ഞു: 'ഇല്ല. മറിച്ച് ഞങ്ങൾ നിങ്ങൾക്കാണ് ബയ്അത്ത് ചെയ്യുന്നത്. കാരണം താങ്കൾ ഞങ്ങളുടെ നേതാവാണ്. ഞങ്ങളിൽ ഏറ്റവും ഉന്നതനാണ്. നബി(സ) തിരുമേനിക്ക് ഞങ്ങളേക്കാൾ കൂടുതൽ താങ്കളെ ഇഷ്ടമായിരുന്നു.' ഇതു പറഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ ഹദ്റത്ത് അബൂബക്കറിന്റെ കൈ പിടിക്കുകയും അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുകയും ചെയ്തു. അവിടെ കൂടിയിരുന്നവർ ബയ്അത്ത് ചെയ്തു. അങ്ങനെ എല്ലാവരും ബയ്അത്ത് ചെയ്തു.

ഹദ്റത്ത് ഹുബ്ബാബ് ബിൻ മുൻദിറിൽ നിന്ന് നിവേദനം: ഹദ്റത്ത് ജിബ്‌രീൽ(അ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'രണ്ടു കാര്യങ്ങളിൽ ഏതാണ് അങ്ങേയക്ക് കൂടുതൽ ഇഷ്ടം. ഭൂമിയിൽ സ്വഹാബാക്കളോടൊപ്പം കഴിയാനാണോ അതോ ദൈവ വാഗ്ദാനപ്രകാരം സ്വർഗത്തിലെ സുഖാനുഭൂതിയോടുകൂടി തന്റെ നാഥനിലേക്ക് മടങ്ങാനാണോ?' നബി(സ)തിരുമേനി സ്വഹാബാക്കളോട് ചോദിച്ചു: 'പറയൂ, നിങ്ങളുടെ അഭിപ്രായമെന്താണ്?' സ്വഹാബാക്കൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങു ഞങ്ങളോടൊപ്പം കഴിയുന്നതാണ് ഞങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത്.' നബി(സ)ഹുബ്ബാബ് ബിൻ മുൻദിറിനെ നോക്കിക്കൊണ്ട് പറഞ്ഞു: 'നിനക്ക് എന്തുപറ്റി, ഒന്നും പറയുന്നില്ലല്ലോ?' അദ്ദേഹം പറയുന്നു: 'ഞാൻ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ നാഥൻ അങ്ങേയ്ക്കുവേണ്ടി ഇഷ്ടപ്പെടുന്നത് അങ്ങ് സമ്മതിച്ചാലും!' അങ്ങനെ ഞാൻ പറഞ്ഞത് നബി(സ)തിരുമേനിക്ക് ഇഷ്ടപ്പെട്ടു.'(അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ വാള്യം 3, പേജ് 483, കിതാബു മഅ്രിഫത്തുസ്സ്വഹാബ ദിക്ർ മനാഖിബുൽ ഹുബ്ബാബ് ബിൻ മുൻദിർ ഹദീഥ് 5803 മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് രിഫാഅഃ ബിൻ റാഫിള് ബിൻ മാലിക്ക് ബിൻ അജ്‌ലാൻ(റ)ഒരു സ്വഹാബിയാണ്. ഇദ്ദേഹം അൻസ്വാരിയായിരുന്നു. ഹദ്റത്ത് അമീർ മുആവിയ അമീർ ആയതിന്റെ ആദ്യദിനങ്ങളിലാണ് ഇദ്ദേഹം വഫാത്തായത്. അദ്ദേഹത്തിന്റെ സംജ്ഞാനാമം അബുമുആദ് എന്നാണ്. മാതാവ് ഉമ്മു മാലിക് ബിൻത് ഉബയ്യ് ബിൻ സലൂൽ. അവർ കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ബിൻ സലൂലിന്റെ സഹോദരിയായിരുന്നു. ഇദ്ദേഹം അഖ്ബാബയ്അത്തിൽ പങ്കെടുത്തിരുന്നു. ബദ്ർ, ഉഹുദ്, ഖന്തഖ്, രിള്‌വാൻബയ്അത്ത് തുടങ്ങി എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായ ഖല്ലാദ് ബിൻ റാഫിളും മാലിക് ബിൻ റാഫിളും ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. (അസദുൽഗാബ, വാള്യം 2, പേജ് 279, രിഫാഅഃ ബിൻ റാഫിള്, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)

ഹദ്റത്ത് മുആദ്(റ) തന്റെ പിതാവ് റഫാഅ് ബിൻ റാഫിയിൽ നിന്ന്, 'ഇദ്ദേഹത്തിന്റെ പിതാവ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളായിരുന്നു'എന്ന് രിവായത്ത് ചെയ്തിട്ടുണ്ട്.' അദ്ദേഹം പറഞ്ഞു: ജിബ്‌രീൽ(അ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു ചോദിച്ചു, 'അങ്ങു ബദ്റിലെ സ്വഹാബാക്കൾക്ക് എന്തു സ്ഥാനമാണ് നല്കുന്നത്?' അവിടന്ന് പറഞ്ഞു: 'ശ്രേഷ്ഠരായ മുസ്‌ലീംകൾ.' ഹദ്റത്ത് ജിബ്‌രീൽ(അ) പറഞ്ഞു: 'ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മലക്കുകളും ശ്രേഷ്ഠരാണ്.' ഇതു ബുഖാരിയിൽവന്ന നിവേദനമാണ്.(സ്വഹീഹ് ബുഖാരി, കിതാബുൽമഗാസി ഹദീഥ് 3992).

മലക്കുകൾ എങ്ങനെയാണ് യുദ്ധത്തിൽ പങ്കെടുത്തത്?

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ ശാഹ് സാഹിബ് ബുഖാരിയുടെ വ്യാഖ്യാനത്തിൽ മലക്കുകൾ പങ്കെടുത്തതിനെ സംബന്ധിച്ച് വിശദീകരിച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്. അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞു: ഇദ് യൂഹീ റബ്ബുക്ക ഇലൽമലാഇക്കത്തി അന്നീ മഅക്കും ഫഥബ്ബിത്തുല്ലദീന ആമനൂ സഉൽഖീ ഫീ ഖുലൂബില്ലദീന കഫർറുഅ്ബ ഫള് രിബൂ ഫൗഖുൽഅഉ്നാഖി വള്‌രിബൂ മിൻഹും കുല്ല ബനാൻ(8:13)

നിന്റെ നാഥൻ മലക്കുകൾക്ക് ബോധനം നല്കിയ സന്ദർഭമായിരുന്നു അത്: തീർച്ചയായും ഞാൻ നിങ്ങളോടൊപ്പമുണ്ട്; അതുകൊണ്ട് നിങ്ങൾ സത്യവിശ്വാസികളെ ഉറപ്പിച്ചുനിറുത്തുക. അവിശ്വാസികളുടെ ഹൃദയങ്ങളിൽ ഞാൻ ഭയമിട്ടുകൊടുക്കുന്നതാണ്. അതിനാൽ നിങ്ങൾ അവരുടെ കഴുത്തുകളുടെമേൽ വെട്ടുക. അവരുടെ എല്ലാ വിരൽത്തുമ്പുകളും വെട്ടുക. ളറബുൽ അഉ്നാഖ്, ളറബുർരിഖാബ്, ളറബു കുല്ല ബനാൻ എന്നിവകൊണ്ടുള്ള ഉദ്ദേശ്യം ശക്തമായ ആക്രമണമാണ്. അതിൽ അടയാളങ്ങളുടെ സുസ്ഥിതിയാണ് പരിഗണിച്ചിട്ടുള്ളത്."

ഇതുമായി സാദൃശ്യമുള്ള മറ്റു ചില നിവേദനങ്ങളുമുണ്ട്. അതിനെ കുറിച്ച് ശാഹ് സാഹിബ് പറയുന്നു: ഈ അധ്യായത്തിലുള്ള രിവായത്തുകളിൽ മലക്കുകളുടെ സാന്നിധ്യവും അവരുടെ ദർശനവും സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് അത് ജാഗ്രദർശനങ്ങളാണ്. (അതായത് ജാഗ്രദർശനത്തിന്റെ രൂപത്തിലുള്ളതാണ്). അവരുടെ യുദ്ധവും അവർക്ക് ചേർന്ന തരത്തിലുള്ളതായിരുന്നു. (അതായത് മലക്കുകൾക്ക് ചേരുംവിധമുള്ള യുദ്ധം).അല്ലാതെ കുന്തംകൊണ്ടോ തോക്കുകൊണ്ടോ ഉള്ളതായിരുന്നില്ല. (മലക്കുകൾ കുന്തങ്ങളോ വാളുകളോ എടുത്തിരുന്നില്ല)അവരെ കാണാൻ കഴിയുന്നത് ആത്മീയമായ ദൃഷ്ടികൊണ്ടാണ്. ഭൗതികമായ കണ്ണുകൾ കൊണ്ടല്ല. നബി(സ) തിരുമേനിയും അത് ദർശിച്ചിരുന്നു. സ്വഹാബാക്കളും ഔലിയാക്കന്മാർക്ക് ദർശനം ഉണ്ടാകുന്നതുപോലെ ദർശിച്ചിരുന്നു. (അല്ലാഹുവിന്റെ മലക്കുകൾ എങ്ങ

നെയാണ് പോരാടുന്നതെന്ന്). അത് അല്ലാഹുവിന്റെ മലക്കുകളുടെതന്നെ നിയന്ത്രണത്താൽ ആയിരുന്നു. (ഈ വിശദീകരണമാണ് ശാഹ് സാഹിബ് നല്കുന്നത്). ഖുറയ്ശികളെ പിന്തുണയ്ക്കുന്നവർ നഖ്ല സംഭവത്തിൽ കോപാകുലരായി വികാരത്തിന്നതീതരായി പുറത്തു ചാടി. ഈ സംഭവം പിന്നീടുള്ള യുദ്ധങ്ങൾക്ക് ഒരു കാരണമായി. അതിൽ നിഷേധികളായ ഖുറയ്ശികളുടെ നാശത്തെ സംബന്ധിച്ചുള്ള ദൈവവിധി പൂർത്തിയായി. അല്ലാഹുവിന്റെ മലക്കുകളുടെ പ്രവർത്തനരീതി നമ്മുടെ രീതിപോലെയല്ല. അവരുടെ യുദ്ധരീതിയും നമ്മുടെ യുദ്ധരീതിയിൽനിന്ന് ഉയർന്നതാണ്. ബദ്റിന്റെ സ്ഥലത്ത് ശത്രുക്കൾ മുകളിൽ താവളമടിച്ചതും (അവർ മുകളിലായിരുന്നു) നബി(സ)തിരുമേനിയുടെ താഴ്‌വരയിലുള്ള ഇറക്കവും ആദരണീയരായ സ്വഹാബാക്കളുടെ കുറഞ്ഞ എണ്ണം ശത്രുക്കളുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞതും ശക്തമായ മഴയുണ്ടായതും സ്വഹാബാക്കളുടെ ഓരോ അമ്പും അതിന്റെ ലക്ഷ്യസ്ഥാനത്ത് പതിച്ചതും (അതായത് സ്വഹാബാക്കൾ തൊടുത്തുവിട്ട ഓരോ അമ്പും പാഴാകാതെ അതിന്റെ ശരിയായ സ്ഥാനത്ത് ചെന്നു പതിച്ചു) അത് ശക്തമായി സ്ഥാപിതമയാതും ശത്രക്കൾക്കുണ്ടായ പരിഭ്രാന്തിയും സ്വഹാബാക്കൾക്കുണ്ടായ ദൃഢചിത്തതുമെല്ലാം (അതായത് ശത്രുക്കൾ പരിഭ്രമിക്കുകയും സ്വഹാബാക്കൾ ധൈര്യത്തോടുകൂടി യുദ്ധം ചെയ്യുകയുമായിരുന്നു) അല്ലാഹുവിന്റെ മലക്കുകളുടെ നിയന്ത്രണങ്ങളുടെ കിരണങ്ങളായിരുന്നു. ഇതിനെക്കുറിച്ചുള്ള വിവരം അല്ലാഹു നബി തിരുമേനിക്ക് ഈ വാക്കുകളിൽ നല്കി: ഇദ് തസ്തഗീഥൂന റബ്ബക്കും ഫസ്തജാബ ലക്കും അന്നീ മുമിദ്ദുക്കും ബി അൽഫിൻ മ്മിനൽമലാഇക്കത്തി മുർദിഫീൻ(8:10) നിങ്ങളുടെ നാഥനോടു നിങ്ങൾ സഹായം തേടിക്കൊണ്ടിരുന്ന സന്ദർഭവും സ്മരിക്കുക. അപ്പോൾ നിങ്ങളുടെ റബ്ബ് നിങ്ങൾക്ക് ഉത്തരം നല്കുകയും നിങ്ങളോടു പറയുകയും ചെയ്തു 'തീർച്ചയായും തുടരെത്തുടരെ വരുന്ന ആയിരം മലക്കുകളെക്കൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്.' പിന്നീട് എഴുതുന്നു:നബി(സ)തിരുമേനിയുടെ ദുആയുടെ സ്വീകാര്യത്താൽ ബാഹ്യമായ ഹേതുക്കളും പ്രവർത്തനത്തിൽ വന്നു. അതിന്റെ ഉള്ളിൽ അത്ഭുതകരമായൊരു നൈരന്തര്യം കാണാവുന്നതാണ്. അതിലേക്ക് നമ്മൾ ദൃഷ്ടി പായിക്കുമ്പോൾ അല്ലാഹുവിന്റെ മലക്കുകളുടെ സൈന്യം ശക്തമായി പ്രവർത്തിക്കുന്നത് കാണാൻ കഴിയുന്നു. (അവിടന്ന് പറയുന്നു:) ആരാണ് നബി(സ)യെ ആ ദുർഘട ഘട്ടത്തിൽ മക്കയിൽനിന്ന് സുരക്ഷിതമായി പുറത്തുകൊണ്ടുവന്നത്? ആരാണ് മക്കക്കാരെ അശ്രദ്ധരാക്കിയത്? ആരാണ് അവരെ ഥൗർ ഗുഹ വരെ കൊണ്ടുവന്ന് നിരാശരാക്കി തിരിച്ചുവിട്ടത്? ആരാണ് നബി(സ)തിരുമേനിയെ കാവലോടുകൂടി ഇസ്‌ലാമിന്റെ അഭിവൃദ്ധിയുടെ സുപ്രധാന കേന്ദ്രമായിത്തീർന്ന മദീന മുനവ്വറയിലെത്തിച്ചത്?

തുടർന്നെഴുതുന്നു: ഹദ്റത്ത് അബ്ബാസ് ഹിജറത്തിനുശേഷം മക്കയിൽ ശിർക്കിന്റെ അവസ്ഥയിൽ താമസിച്ചതും പിന്നീട് നബി(സ)തിരുമേനിയോട് സഹതാപമുണ്ടായതും മദീന മുനവ്വറയിൽ മക്കയിലെ ഖുറൈശികളുടെ ദുഷ്ചിന്തകളേയും ഗൂഢപദ്ധതികളേയും കുറിച്ച് അറിവ് നല്കിക്കൊണ്ടിരുന്നതും (അബ്ബാസ് മുഖേന) അല്ലാഹുവിന്റെ മലക്കുകളുടെ നിയന്ത്രണത്തിന്റെ ഒരു ഭാഗമാണ്. (ഇങ്ങനെയാണ് മലക്കുകൾ പ്രവർത്തിക്കുന്നത്) ഈ എല്ലാ സംഭവങ്ങളുടേയും പിന്നൽ മലക്കുകൾ തന്നെയാണ് പ്രവർത്തിച്ചിരുന്നത്. നബി(സ) തിരുമേനിയുടെ യുദ്ധങ്ങളുടെയും വിജയങ്ങളുടെയും പശ്ചാത്തലം ഈമാൻ ദൃഢീകരിക്കുന്ന അന്നീ മുമിദ്ദുക്കും ബി അൽഫിൻ മ്മിനൽമലാഇക്കത്തി മുർദിഫീൻ എന്ന ആയത്തിന്റെ വ്യാഖ്യാനമാണ് സമർപ്പിക്കുന്നത്.

വീണ്ടും ശാഹ് സാഹിബ് പറയുന്നു: ഞാൻ സ്വഹീഹ് ബുഖാരി പൂർണമായും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാന നൂറുദ്ദീൻ സാഹിബിൽനിന്ന് ഓരോ അധ്യായവും പഠിച്ചിട്ടുണ്ട്. അതുപോലെതന്നെ വിശുദ്ധഖുർആനിന്റേയും ധാരാളം ദർസുകൾ കേട്ടിട്ടുണ്ട്. അവിടന്ന് അല്ലാഹുവിന്റെ മലക്കുകളെ കുറിച്ച് പറയാറുണ്ടായിരുന്നു: നൂറുദ്ദീനും അല്ലാഹുവിന്റെ മലക്കുകളുമായി സംസാരിക്കാൻ അവസരം കിട്ടിയിട്ടുണ്ട്. മലക്കുകളുടെ വ്യവസ്ഥിതി വളരെ വിശാലമായ വ്യവസ്ഥിതിയാണ്. മനുഷ്യരുടെ ശക്തികളിൽനിന്നും കഴിവുകളിൽനിന്നുമുള്ള ഓരോ ശക്തിക്കും ഓരോ കഴിവിനും മലക്കുകൾ നിയമിതരാണ്. കാഴ്ചശക്തിയ്ക്കും കേൾവിശക്തിയ്ക്കും സ്പർശനശക്തിയ്ക്കും ബുദ്ധിയ്ക്കും വിവേകത്തിനും ചിന്താശക്തിയ്ക്കും അല്ലാഹുവിന്റെ മലക്കുകളുടെ സഹായമില്ലെങ്കിൽ നിഷ്ഫലമാണ്. എന്നല്ല അത് ദോഷം ചെയ്യുന്നതുമായിരിക്കും.

(എല്ലാ മാനുഷികമായ കഴിവുകളും ശക്തികളും മലക്കുകൾ കാരണത്താലാണ് പ്രവർത്തിക്കുന്നത്). പിന്നീടെഴുതുന്നു: കുന്തവും വെടിയുണ്ടയും അതിന്റെ ലക്ഷ്യസ്ഥാനത്ത് എത്തണമെങ്കിൽ കൂർമബുദ്ധി ഉപയോഗിച്ച് നിശ്ചിത ദൂരത്തുനിന്ന് അത് ചെയ്യണം. മാനസികമായ നില കൃത്യമായി നിലകൊള്ളുന്നില്ലെങ്കിൽ അമ്പ് പിഴച്ചുപോകും. (ഖലീഫത്തുൽ മസീഹ് അവ്വൽ)പറയാറുണ്ടായിരുന്നു, മാനസികവും ശാരീരികവുമായ ഓരോരോ ശക്തിയോടൊപ്പം അല്ലാഹുവിന്റെ മലക്കുകൾ നിയമിക്കപ്പെട്ടിട്ടുണ്ട്. അവരുടെ ബന്ധം ഓരോ മനുഷ്യന്റേയും ഓരോ ശക്തിയിൽനിന്ന് വിവിധ അവസ്ഥകളും നിഷേധത്തിലും വിശ്വാസത്തിലും ഏറിയും കുറഞ്ഞുമിരിക്കും. വിശുദ്ധഖുർആൻ അവരുടെ എണ്ണം ബദ്ർ യുദ്ധത്തെക്കുറിച്ച് പറഞ്ഞപ്പോൾ മൂവായിരവും ഉഹുദ് യുദ്ധത്തെക്കുറിച്ച് പറഞ്ഞപ്പോൾ അയ്യായിരവും പറഞ്ഞിരിക്കുന്നു. ഈ വ്യത്യാസം അവസ്ഥകളനുസരിച്ച് വിഭിന്നമാണ്. നിശ്ചിതനേരത്തിന്റെ പ്രാധാന്യം കണക്കിലെടുത്താണ്. ബദ്ർ യുദ്ധത്തിൽ ശത്രുക്കളുടെ എണ്ണം കുറവായിരുന്നു. ഉഹുദ് യുദ്ധത്തിൽ കൂടുതലും. ഇതുവെച്ചുനോക്കുമ്പോൾ അപകടവും കൂടുതലായിരുന്നു. അപ്പോൾ മലക്കുകളുടെ സംരക്ഷണവും കൂടുതലായി ഇറങ്ങി. ഖലീഫ അവ്വൽ പറയുന്നു: വമന്നസ്റു ഇല്ലാ മിൻ ഇൻദില്ലാഹിൽ അസീസിൽ ഹക്കീം (3:127)വാഗ്ദാനം ചെയ്യപ്പെട്ട ദൈവസഹായത്തിന്റെ പ്രകടനം അല്ലാഹുവിന്റെ സവിശേഷഗുണങ്ങളായ അസീസിലും ഹക്കീമിലുമാണ്; പ്രതാപശാലിയും യുക്തിജ്ഞനും. ഈ രണ്ട് സിഫത്തുകളും മനോഹരമായ ഉപായങ്ങളും പൂർണമായ വിജയവും സ്ഥൈര്യവും ആവശ്യപ്പെടുന്നുണ്ട്. ഇവയിൽ സഹായകമായ കാര്യഹേതുക്കളുടെ എല്ലാ വൃത്തങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അതിൽ നൈരന്തര്യവും കല്പനകളും കാണാം. അത് ശക്തമായ ദൈവിക പദ്ധതികൾകൊണ്ട് പ്രബലപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു.(സ്വഹീഹുൽ ബുഖാരി, കിതാബുൽമഗാസി, വാല്യം 8 പേജ് 71-72)

ഇതാണ് അല്ലാഹുവിന്റെ മലക്കുകൾ യുദ്ധം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞിട്ടുള്ളതിന്റെ അഗാധമായ അർഥം. മലക്കുകളെ അയച്ചിരുന്നുവെന്നും അവർ യുദ്ധം ചെയ്യുകയായിരുന്നുവെന്നും അല്ലാഹു പറഞ്ഞു. മലക്കുകൾ സ്വയം കൊല്ലുകയായിരുന്നില്ല. യുദ്ധം ചെയ്യുകയായിരുന്നു. ആരെയാണോ മലക്കുകൾ കൊന്നത് ആരെയാണോ പരിക്കേൽപിച്ചത് അവരെ വേറെ രീതിയിലും സ്വഹാബാക്കൾ മുഖേന പരിക്കേറ്റവരെ വേറെരീതിയിലും തിരിച്ചറിഞ്ഞുവെന്ന് രിവായത്തുകൾ വന്നിട്ടുണ്ട്.(ഫത്ഹുൽബാരി, ശർഹ് സ്വഹീഹുൽ ബുഖാരി, കിതാബുൽഗാസി, ഹദീഥ് 3992)

ഇത് തെറ്റായ കാര്യമാണ്. യാഥാർഥ്യമെന്താണെന്നുവെച്ചാൽ മലക്കുകൾ മാനുഷികമായ ശക്തികൾക്ക് ശരിയായ നിലയിൽ മാർഗദർശനം നല്കിക്കൊണ്ടുപോകുന്നു. അവർ അതിനെ ശരിയായനിലയിൽ ഉപയോഗിക്കുന്നു. മലക്കുകളിൽനിന്ന് ഇതുണ്ടാകുമ്പോൾ അതാണ് മലക്കുകളുടെ യുദ്ധം. മുആദ് ബിൻ രിഫാഅഃ ബിൻ റാഫിയിൽനിന്ന് ഹദ്റത്ത് യഹ്‌യ(റ)നിവേദനം ചെയ്യുന്നു: ഹദ്റത്ത് രിഫാഅഃ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരിൽപ്പെട്ടയാളാണ്. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് റാഫിഅ് അഖ്ബാബയ്അത്തിൽ പങ്കെടുത്തയാളാണ്. ഹദ്റത്ത് റാഫിഅ് തന്റെ മകൻ ഹദ്റത്ത് രിഫാഅഃയോടു പറയാറുണ്ടായിരുന്നു: ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാതെ ഞാൻ അഖ്ബാബയ്അത്തിൽ പങ്കെടുക്കുന്നവരിൽ പെട്ടിരുന്നുവെങ്കിൽ അക്കാര്യം എന്നെ സന്തോഷിപ്പിക്കുമായിരുന്നില്ല. അതായത് ഞാൻ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തുവെന്നതും അഖ്ബാ ബയ്അത്തിൽ ബയ്അത്തും ചെയ്തുവെന്നതും എന്നെ സംബന്ധിച്ചിടത്തോളം വലിയതും എനിക്ക് കൂടുതൽ അന്തസ് നല്കുന്നതുമായ കാര്യമാണ്. (സ്വഹീഹുൽ ബുഖാരി, കിതാബുൽഗാസി, ഹദീഥ് 3993)

എനിക്ക് വളരെ വലിയ ബഹുമതി ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതുകൊണ്ട് കിട്ടി. ഹദ്റത്ത് രിഫാഅ: ബിൻ റാഫിഅ് ജമൽ യുദ്ധത്തിലും സ്വിഫ്ഫീൻ യുദ്ധത്തിലും ഹദ്റത്ത് അലിയോടൊപ്പമുണ്ടായിരുന്നു. ഒരു നിവേദനം അനുസരിച്ച് ഹദ്റത്ത് ത്വൽഹായും ഹദ്റത്ത് സുബയ്റും സൈന്യത്തിന്റെ കൂടെ ബസ്വറയിലേക്ക് പോയപ്പോൾ ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്ത്വലിബിന്റെ ഭാര്യ ഉമ്മുൽ ഫള്ൽ ബിൻത് ഹാരിഥ് അവർ പുറപ്പെടുന്ന വിവരം ഹദ്റത്ത് അലിയെ അറിയിച്ചു. അപ്പോൾ ഹദ്റത്ത് അലി പറഞ്ഞു: അത്ഭുതമാണ് തോന്നുന്നത്. ആളുകൾ ഹദ്റത്ത് ഉഥ്മാന്റെമേൽ ആക്രമണം നടത്തി അദ്ദേഹത്തെ ശഹീദാക്കി. ഒരു നിർബന്ധവും കൂടാതെ എനിക്ക് ബയ്അത്ത് ചെയ്തു. എനിക്ക് ബയ്അത്ത് ചെയ്യാൻ ഞാൻ നിർബന്ധിച്ചിട്ടില്ല. ത്വൽഹായും സുബയ്റും എനിക്ക് ബയ്അത്ത് ചെയ്തു. ഇപ്പോൾ അവർ സൈന്യത്തോടൊപ്പം ഇറാഖിലേക്ക് പുറപ്പെട്ടിരിക്കുന്നു! അപ്പോൾ ഹദ്റത്ത് രിഫാഅഃ ബിൻ റാഫിഅ് പറഞ്ഞു: നബി(സ) തിരുമേനി വഫാത്തായപ്പോൾ ഞങ്ങൾ ഊഹിച്ചിരുന്നത് ഞങ്ങൾ അതായത് അൻസ്വാർ ഈ ഖിലാഫത്തിന് കൂടുതൽ അവകാശികളാകുമെന്നാണ്. കാരണം ഞങ്ങൾ നബി(സ) തിരുമേനിയെ സഹായിച്ചു. ഞങ്ങളുടെ സ്ഥാനം ദീനിൽ വലുതാണ്. എന്നാൽ,നിങ്ങൾ പറഞ്ഞു: മുഹാജിരീംകളായ ഞങ്ങളാണ് ഒന്നാം സ്ഥാനക്കാരെന്ന്. ഞങ്ങൾ നബി(സ) തിരുമേനിയുടെ സുഹൃത്തുക്കളും അടുത്തവരുമാണ്. ഞങ്ങൾ നിങ്ങളെ അല്ലാഹുവിനെ ഓർമ്മിപ്പിക്കുന്നവരുമാണ്. അതുകൊണ്ട് നിങ്ങൾ നബി(സ) തിരുമേനിയുടെ പ്രാതിനിധ്യത്തിൽ ഞങ്ങളെ അപലപിക്കരുത്.

ഞങ്ങൾ ആ നേരത്ത് നിങ്ങളേയും (ഖിലാഫത്തിന്റെ) കാര്യത്തേയും ഉപേക്ഷിച്ചിരുന്നുവെന്ന് നിങ്ങൾക്ക് നല്ലവണ്ണം അറിയാം. (ഞങ്ങൾ പിന്നെ ഒരിക്കലും ചർച്ച ചെയ്തില്ല. തികച്ചും പരിപൂർണമായ അനുസരണത്തോടുകൂടി ഖിലാഫത്തിന് ബയ്അത്ത് ചെയ്തു). അതിന് കാരണം ഇതായിരുന്നു: സത്യത്തിൽ പ്രവർത്തനം നടക്കുന്നത് കണ്ടപ്പോൾ, അല്ലാഹുവിന്റെ ഗ്രന്ഥമനുസരിച്ച് പിന്തുടരുന്നത് കണ്ടപ്പോൾ, നബി(സ)തിരുമേനിയുടെ സുന്നത്ത് നില്പുണ്ടെന്ന് കണ്ടപ്പോൾ ഞങ്ങളുടെ പക്കൽ തൃപ്തിപെടുകയല്ലാതെ മറ്റൊരു മാർഗവുമില്ലയാരുന്നു. അതുകൂടാതെ ഞങ്ങൾക്ക് എന്താണ് വേണ്ടിയിരുന്നത്? ഞങ്ങൾ നിങ്ങൾക്ക് ബയ്അത്ത് ചെയ്തു. പിന്നീട് അതിൽനിന്ന് പിന്മാറിയില്ല. ഇപ്പോൾ താങ്കളോട് അക്കൂട്ടർ എതിർപ്പ് പ്രകടിപ്പിച്ചു. അവരേക്കാൾ താങ്കൾ ഉത്തമനാണ്. കൂടുതൽ ഇഷ്ടപ്പെട്ടയാളുമാണ്. അതുകൊണ്ട് താങ്കൾ ഞങ്ങൾക്ക് കല്പനകൾ നല്കുക. ഈ അവസരത്തിൽ ഹജ്ജാജ് ബിൻ ഗസിയ്യഃ അൻസ്വാരി വന്നു. അദ്ദേഹം പറഞ്ഞു: "അമീറുൽ മുഅ്മിനീൻ ഇക്കാര്യത്തിന്റെ ഗ്രാഹ്യം ഇതിന് മുമ്പേ ഉണ്ടാകേണ്ടതായിരുന്നു. അതായത് സമയം കൈയിൽനിന്ന് പോകുന്നതിന് മുമ്പേ. ഇനി ഞാൻ മരണത്തെ ഭയപ്പെടുകയാണെങ്കിൽ എന്റെ ജീവന് ഒരിക്കലും സമാധാനം കിട്ടുകയില്ല. അല്ലയോ അൻസ്വാറിന്റെ സംഘമേ! നബി(സ)തിരുമേനിയെ നിങ്ങൾ സഹായിച്ചിരുന്നതുപോലെ അമീറുൽ മുഅ്മിനീനെ വീണ്ടും സഹായിക്കുക. അല്ലാഹുവാണ ഈ രണ്ടാമത്തെ സഹായം ആദ്യത്തെ സഹായത്തെ പോലെയായിരിക്കും." (അസദുൽഗാബ, വാല്യം 2, പേജ് 280-281, രിഫാഅഃ ബിൻ റാഫിഅ്, മത്ബൂഅ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഇതായിരുന്നു സ്വഹാബാക്കളുടെ സ്മരണ. കഴിഞ്ഞ ആഴ്ച ഓതിയ ഖുത്ബയിലെ സംഭവം സംബന്ധിച്ച് പറയാനാഗ്രഹിക്കുകയാണ്. ഒരു സംഭവം കൂടുതൽ വിശദീകരിക്കാൻ ആഗ്രഹിക്കുന്നു. ഞാൻ ഹദ്റത്ത് അമ്മാറിനെ കുറിച്ച് വിവരിച്ചിരുന്നു. അതായത് ഹദ്റത്ത് അംറുബ്നുൽ ആസ്(റ)അമ്മാറിന്റെ മരണത്തിൽ വലിയ വിഷമവും ആശങ്കയും പ്ര

കടിപ്പിക്കുകയുണ്ടായി. അമ്മാറുബ്നു യാസിറിനെ കലാപകാരികൾ കൊല്ലുമെന്ന് നബി(സ) പറഞ്ഞതായി ഹദ്റത്ത് അംറുബ്നുൽ ആസ്(റ)കേട്ടിരുന്നു' ഹദ്റത്ത് അംറുബ്നുൽ ആസ്(റ)ന് ചിന്തയുണ്ടാകാൻ കാരണം അദ്ദേഹം അമീർ മുആവിയായുടെ ഭാഗത്തായിരുന്നു. ഹദ്റത്ത് അമീർ മുആവിയയുടെ സൈന്യമാണ് ഹദ്റത്ത് അമ്മാറിനെ ശഹീദാക്കിയത്. (അൽമുസ്തദർക്ക് അലസ്സഹീഹയ്ൻ വാല്യം 3, പേജ് 474, കിതാബു മഅ്രിഫത്തുസ്സഹാബ ദിക്ർ മനാഖിബുൽ അമ്മാറുബ്നുൽയാസിർ ഹദീഥ് 5726 മത്ബൂഅഃ ദാറുൽ ഹറമയ്ൻ ലത്ത്വിബാഅത്തി വന്നശ്രി വത്തൗസീഇ 1997)

ഇവർ കലാപകാരികളായ ഗ്രൂപ്പ് ആയിരുന്നുവെങ്കിൽ ഇവരുടെ പേരുകൾ ബഹുമാനപുരസ്സരം പറയുന്നത് എന്തിനാണെന്നും ഹദ്റത്ത് അമീർ മുആവിയക്കും ജമാഅത്തിന്റെ സാഹിത്യങ്ങളിൽ സവിശേഷ സ്ഥാനമുണ്ടല്ലോ എന്നും ചിലർ ചോദിക്കാറുണ്ട്. ഒന്നാമതായി, സ്വഹാബാക്കളുടെ സ്ഥാനത്തെക്കുറിച്ച് അവർ പൊറുക്കപ്പെടുമോ ഇല്ലയോ എന്നു പറയാൻ നമുക്ക് അധികാരമില്ല. ഏതൊരു തെറ്റുധാരണ അല്ലെങ്കിൽ തെറ്റുകാരണത്താൽ ഈ ദാരുണ സംഭവമുണ്ടായോ അതിന്റെ കാര്യം അല്ലാഹുവിന്റെ കൈയിലാണ്. അതിന്റെ കെടുതി മുസ്ലീംകൾ അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. അക്കാലത്തുള്ളവരിൽ ഈ ചോദ്യം പൊങ്ങിയിട്ടുണ്ടായിരുന്നു. പിന്നീട് അവർ തങ്ങളുടെ അസ്വസ്ഥത അകറ്റുന്നതിനുവേണ്ടി ദുആയും ചെയ്തിട്ടുണ്ടാകും;ഇതെന്താണ് സംഭവിച്ചത്, ഇവരും സ്വഹാബി, അവരും സ്വഹാബി, എന്നിട്ടും പരസ്പരം യുദ്ധം ചെയ്യുന്നു, എന്നു പറഞ്ഞ്! അല്ലഹുവിൽനിന്ന് മാർഗനിർദേശവും തേടിയിട്ടുണ്ടാകും. അല്ലാഹു അവർക്ക് മാർഗനിർദേശവും നല്കിയിട്ടുണ്ടാകും.

ഒരു രിവായത്തുണ്ട്. അബൂലുഹായിൽ നിന്ന് നിവേദനം: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ ശ്രേഷ്ഠ ശിഷ്യന്മാരിൽപ്പെട്ട അംറ് ബിൻ ശർഹബീൽ അബൂ മയ്സറ ഒരു സ്വപനം കണ്ടു. ഹരിതാഭമായ ഒരു തോട്ടത്തിൽ ഏതാനും കുടാരങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അതിൽ അമ്മാർ ബിൻ യാസിറും മറ്റു കൂടാരങ്ങളിൽ ദുൽഖലായും ആണ് ഉണ്ടായിരുന്നത്. ഇതെന്തു പറ്റി, ഇവർ പരസ്പരം പൊരുതിക്കൊണ്ടിരുന്നവരാണല്ലോ എന്ന് അബു മയ്സറ ചോദിച്ചപ്പോൾ ഇവർ അല്ലാഹുവിനെ അങ്ങേയറ്റം പൊറുത്തു കൊടുക്കുന്നവനായി കണ്ടുവെന്നും അതുകൊണ്ടാണ് അവർ ഒരുമിക്കപ്പെട്ടതെന്നുമാണ് മറുപടി ലഭിച്ചത്.(അസ്സുനനുൽ കുബ്റാ ലിൽബയ്ഹഖി വാല്യം 8, പേജ് 302, ഹദീഥ് 16720)

ഈ സംഗതികളൊക്കെ അല്ലാഹുവിന്റെ പക്കലാണ്. ഈ കാര്യങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും മനസ്സിലിടം കൊടുക്കാൻ പാടില്ല. ഇക്കാരണം കൊണ്ടാണ് മുസ്ലിംകളിൽ ഭിന്നിപ്പ് ഉണ്ടായിക്കൊണ്ടിരുന്നത്. അതിന്റെ ഫലം നമ്മൾ ഇന്നും കണ്ടു വരുന്നു. ഇതു നമുക്കൊരു പാഠമാണ്. ഈ കാര്യങ്ങൾക്ക് മനസ്സിലിടം കൊടുക്കുന്നതിനു പകരം ഐക്യത്തിൽ നില കൊള്ളുകയാണ് വേണ്ടത്. ഒരിക്കൽ ഞാൻ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ച് അമീർ മുആവിയായുടെ ഏതോ സംഭവം പറഞ്ഞിരുന്നു. അറേബ്യൻ രാജ്യങ്ങളിൽനിന്ന് ആരോ എനിക്ക് ഇങ്ങനെ എഴുതി:'അവർ കലാപകാരികളും കൊല്ലുന്നവരുമായിരുന്നു. അവരുടെ നേതാവായിരുന്നു. എന്തിനാണ് അവരുടെ പേര് താങ്കൾ ഇത്ര ബഹുമാനത്തോടെ പറയുന്നത്? അദ്ദേഹത്തിനും ഈ സ്വപ്നത്തിൽ പറഞ്ഞകാര്യം മതിയായ മറുപടിയാണ്. അല്ലാഹുവിന്റെ മഗ്ഫിറത്തും കാരുണ്യവും വിശാലമാണ്. നമുക്ക് നമ്മുടെ കാര്യം നന്നാക്കിവെക്കണം. അവരെ കുറിച്ച് എന്തെങ്കിലും ചിന്തിക്കുന്നതിനും പറയുന്നതിനും പകരം നമ്മെ പരിഷ്കരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)വും ചിലയിടത്ത് ഹദ്റത്ത് മുആവിയായെ സംബന്ധിച്ച് സ്തുതിച്ച് പറഞ്ഞിട്ടുണ്ട്.(മലായിക്കത്തുല്ലാഹ്, അൻവാറുൽഉലൂം വാല്യം 5, പേജ് 552)

അതിനാൽ നമ്മളും ആ മഹാത്മാക്കളുടെ തെറ്റുകളെ കുറിച്ച് എന്തെങ്കിലും പറയുന്നതിനുപകരം അതിൽനിന്ന് പാഠം പഠിക്കേണ്ടതാണ്. ഹദ്റത്ത് മുആവിയായെ കുറിച്ച് ഒരിടത്ത് ഇങ്ങനേയും വന്നിട്ടുണ്ട്. ഹദ്റത്ത് അലിയും അദ്ദേഹവും തമ്മിൽ യുദ്ധം നടക്കുകയായിരുന്നപ്പോൾ ഭിന്നതകൾ വർധിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ക്രൈസ്തവ രാജാവ് പറഞ്ഞു:'മുസ്ലീംകളുടെ അവസ്ഥ ഇപ്പോൾ ബലഹീനമാണ്. അയാൾ ആക്രമിക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് മുആവിയ ഇതറിഞ്ഞപ്പോൾ പറഞ്ഞു:ഇതാണ് നിങ്ങളുടെ വിചാരമെങ്കിൽ ഓർക്കുക, നിങ്ങൾ ആക്രമിച്ചാൽ അലിയുടെ കൊടിക്കീഴിൽനിന്ന് പോരാടുന്ന ഏറ്റവും ആദ്യത്തെ ജേർണൽ ഞാനായിരിക്കും. നിങ്ങൾക്കെതിരിൽ അദ്ദേഹത്തിനുവേണ്ടി ഞാൻ പോരാടുന്നതാണ്.'(തഫ്സീറെ കബീർ വാല്യം 4 പേജ് 430)

അതുകൊണ്ടു ബുദ്ധിപൂർവം പ്രവൃത്തിക്കുക. എന്തായാലും അവരുടെ സ്ഥാനമിതാണ്. നമ്മൾ എപ്പോഴും ഒന്നായിരിക്കുന്നവരും ഐക്യത്തിൽ വർത്തിക്കുന്നവരും ആകാനും നന്മയിൽ മുന്നേറാനും അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

( പേജ് 1ൽനിന്ന്)

ക്കണമെന്ന് ഇഞ്ചീലിനെപ്പോലെ ഖുർആൻ പറയുന്നില്ല. മറിച്ച് നിനക്ക് വ്യക്തിപരമായി ഒരു ശത്രുവും ഉണ്ടായിരിക്കരുതെന്നും നീ സർവ്വരോടും അനുകമ്പയും ആർദ്രതയും കാണിക്കണമെന്നും വിശുദ്ധഖുർആൻ നിർദേശിക്കുന്നു. എന്നാൽ, നീ വിശ്വസിക്കുന്ന ദൈവത്തോടും ദൂതനോടും വേദഗ്രന്ഥത്തോടും ശത്രുതവച്ചു പുലർത്തുന്നവൻ നിന്റെ ശത്രുവാണ്. അങ്ങനെയുള്ളവർക്ക് വേണ്ടിയും നീ പ്രാർഥിക്കേണ്ടതാണ്. അവരുടെ കർമങ്ങളോടായിരിക്കണം ശത്രുത പുലർത്തേണ്ടത്. വ്യക്തിത്വത്തോടല്ല. അവർ നന്നായിത്തീരുവാൻ നീ പരിശ്രമിക്കുക. ഇത് സംബന്ധിച്ച് അല്ലാഹു പറയുന്നു.

ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽ ഇഹ്സാനി വ ഈതാഇദിൽ ഖുർബാ അതായത് അല്ലാഹു നിങ്ങളിൽനിന്ന് എന്താണ് ഇച്ഛിക്കുന്നത്? നിങ്ങൾ എല്ലാ മനുഷ്യരോടും നീതിയും ന്യായവും വെച്ചുപുലർത്തുക. അതിലുപരി നിങ്ങളോട് നന്മ കാണിക്കാത്തവരോടും നിങ്ങൾ നന്മയും ഔദാര്യവും കാണിക്കുക. അതിലുമുപരി നിങ്ങൾ അല്ലാഹുവിന്റെ എല്ലാ സൃഷ്ടികളോടും സ്വന്തം ബന്ധുക്കളോടെന്നപോലെ, മാതാക്കൾ മക്കളോടു കാണിക്കുന്ന രീതിയിൽ ഔദാര്യം കാണിക്കുക. കാരണം ചിലപ്പോൾ ഔദാര്യം കാണിക്കുന്നതുകൊണ്ട് ഒരുവിധത്തിലുള്ള അഹങ്കാരം ഗുപ്തമായ നിലയിൽ ഉണ്ടാകാനിടയുണ്ട്. എന്നാൽ, ഒരു മാതാവിനെപ്പോലെ സ്വാഭാവിക വികാരഭാവത്തോടെ നന്മ ചെയ്യുന്നയാൾ ഒരിക്കലും അഹങ്കാരം കാണിക്കുന്നില്ല. നന്മ ചെയ്യുന്നതിനുള്ള അവസാനത്തെ ശ്രേണി ഒരു മാതാവിന് തന്റെ മക്കളോട് പ്രകൃത്യായുള്ള വികാരഭാവമാകുന്നു.

ഈ വചനം സൃഷ്ടികളുമായി മാത്രം ബന്ധപ്പെട്ടതല്ല. സ്രഷ്ടാവായ അല്ലാഹുവുമായും ബന്ധപ്പെട്ടതാണ്. അല്ലാഹുവിനോട് നീതി എന്നു പറയുന്നത്, അവന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ട് അവനെ അനുസരിക്കുകയാണ്. അല്ലാഹുവിനോടുള്ള ഔദാര്യം എന്നുപറയുന്നത് അവനെ കാണുന്നുവെന്ന നിലയിൽ അവനിൽ ദൃഢമായും വിശ്വസിക്കുക എന്നാണ്. അല്ലാഹുവിനോട് ബന്ധുസ്നേഹപരമായ ഉപകാരം എന്നത് അവനെ ആരാധിക്കുന്നത് സ്വർഗം ലഭിക്കണമെന്ന അഭിവാഞ്ച കൊണ്ടോ നരകത്തെക്കുറിച്ചുള്ള ഭയംകൊണ്ടോ അല്ലാതെ സ്വർഗമോ നരകമോ ഇല്ലെന്ന് സങ്കല്പിക്കപ്പെട്ടാലും ദൈവസ്നേഹത്തിനും അനുസരണത്തിനും ഒരു കോട്ടവും ഉണ്ടാകാൻ പാടില്ല എന്നതാകുന്നു.

നിങ്ങളുടെമേൽ ശാപം ചൊരിയുന്നവർക്കായി ദൈവാനുഗ്രഹം തേടണമെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങൾ സ്വയമായി ഒന്നും ചെയ്യരുതെന്നും മറിച്ച് ദൈവപ്രഭാവത്തിന്റെ ആസ്ഥാനമായ ഹൃദയത്തോടു, എങ്ങനെ അത്തരക്കാരോട് പെരുമാറണമെന്ന ഫത്‌വ ചോദിക്കുക എന്നും വിശുദ്ധഖുർആൻ അരുൾചെയ്യുന്നു. നിങ്ങളെ ശപിക്കുന്നയാൾ അനുകമ്പാർഹനാണെന്നും ഉപരിലോകത്തുനിന്ന് അയാളുടെ മേൽ ശാപം ഇടപ്പെടുന്നില്ലെന്നും നിന്റെ ഹൃദയത്തിൽ തോന്നിപ്പിച്ചാൽ ദൈവഹിതത്തിന്നെതിരാകാതിരിക്കാൻ നീയും ശാപം ചൊരിയരുത്. എന്നാൽ, നിന്റെ മനഃസാക്ഷി അയാൾക്ക് മാപ്പ് കൊടുക്കുന്നില്ലെങ്കിലും ഉപരിലോകത്ത് അയാളുടെ മേൽ ശാപമിടുന്നുവെന്ന് നിന്റെ ഹൃദയത്തിൽ തോന്നിപ്പിക്കുന്നുവെങ്കിൽ നീ അവനായി അനുഗ്രഹം കാംക്ഷിക്കരുത്. സാത്താനുവേണ്ടി ഒരു പ്രവാചകനും അനുഗ്രഹം കാംക്ഷിക്കുകയോ അവനെ ശാപമുക്തനാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ, ആരേയും ശപിക്കുന്നതിൽ തിടുക്കം കാണിക്കരുത്. ദുർധാരണകളിൽ അധികവും അസത്യമാണ്. പല ശാപങ്ങളും ശപിക്കുന്നയാളിൽത്തന്നെ പതിക്കുന്നു. വളരെ സൂക്ഷിച്ചു പദമൂന്നുക. ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനുമുമ്പേ പുനർചിന്തനം ചെയ്യുക. എപ്പോഴും അല്ലാഹുവിനോട് സഹായം തേടിക്കൊണ്ടിരിക്കുക. കാരണം നിങ്ങൾ അന്ധരാണ്. ഒരു നീതിമാനെ അന്യായം ചെയ്യുന്നവനായോ, സാത്വികനെ വ്യാജനായോ നിങ്ങൾ കരുതുന്നവരാകരുത്. അങ്ങനെയാണെങ്കിൽ നിങ്ങൾ ദൈവത്തിന്റെ അപ്രീതിക്ക് പാത്രമായിത്തീരുകയും തദ്വാരാ നിങ്ങളുടെ എല്ലാ സർകർമങ്ങളും വ്യർഥമായിത്തീരുകയും ചെയ്യുന്നതാണ്."(കശ്തിയെ നൂഹ്, റൂഹാനീഖസാഇൻ വാല്യം 19, പേജ് –28–31)

AL ISLAM
Al Islam - Official website of Ahmadiyya Muslim Community




## കലാമുൽ ഇമാം:–

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:–

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്താംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

❋ മെയ് നാലിന് ബുധനാഴ്ച ലണ്ടനിൽനിന്നുള്ള നിർഗമനവും അതേ ദിവസം ഡന്മാർക്കിന്റെ മണ്ണിൽ ആഗമനവും. ❋ നുസ്റത്ത് ജഹാൻ മസ്ജിദിൽ ഹുദൂറിന് ഉജ്വല വരവേല്പ്. കുട്ടികൾ സ്വാഗതഗാനമാലപിച്ചു. ❋ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്ന് പുതുതായി നിർമിച്ച മിഷൻ ഹൗസ്, ലൈബ്രറി, ഓഫീസുകൾ, നമസ്കാര ഹാൾ തുടങ്ങിയവ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ❋ Hvidovre പ്രദേശത്തെ മുനിസിപ്പാലിറ്റിയുടെ മേയറും അദ്ദേഹത്തിന്റെ നാല് കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ❋ മേയറുടേയും കൗൺസിലർമാരുടേയും ചോദ്യങ്ങൾക്ക് ഹുദൂറിന്റെ യുക്തിനിർഭരമായ മറുപടി. ഇസ്‌ലാം അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള പ്രബോധനം. സമാധാന സംസ്ഥാപനത്തിനും മറ്റു സുപ്രധാന കാര്യങ്ങൾക്കും നിർദേശങ്ങളും ഉപദേശങ്ങളും. ❋ ഡന്മാർക്കിന്റെ മണ്ണിൽനിന്ന് ഹുദൂറിന്റെ രണ്ടാമത്തെ ജുമുഅഖുത്ബ. അത് എം.ടി.എ മുഖേന ലോകം മുഴുവൻ സംപ്രേഷണം ചെയ്തു.❋ ഡന്മാർക്കിലെ വരവേല്പിനെ സംബന്ധിച്ച് പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായിൽ വാർത്തകൾ. ❋ കുടുംബപരമായ കൂടിക്കാഴ്ചകൾ ❋ ഡന്മാർക്ക് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്‌ലിസ് ആമിലായുമായി ഹുദൂറിന്റെ മീറ്റിംഗ്. മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും.

## നമ്മൾ സമാധാനം സ്ഥാപിക്കേണ്ട കാലമാണിത്.

- നമ്മൾ മനുഷ്യരാണെന്നും, മാനുഷികമൂല്യങ്ങളെ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാനതത്വത്തിൽ നിലകൊള്ളുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.
- അഹ്മദികൾ ഇക്കാലത്ത് വന്ന മസീഹ്(അ)നെ വിശ്വസിച്ചവരാണ്. അതുകൊണ്ട് അവർ സമാധാനകാംക്ഷികളായിരിക്കേണ്ടത് നിർബന്ധമാണ്; എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടവരാണ്; മറ്റുള്ളവരെ സഹായിക്കേണ്ടവരാണ്.
- മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന് ഇസ്‌ലാം പറയുന്നു. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈകളിലാണ്. മതത്തെ സംബന്ധിച്ച് വിധി പറയേണ്ടത് അവൻ തന്നെയാണ്. മനുഷ്യർ പരസ്പരം ആദരിക്കേണ്ടതാണ്. മാനുഷിക മൂല്യങ്ങൾ സുപ്രധാനമാണ്. അത് വിലമതിക്കേണ്ടതാണ്. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈയിലിരിക്കാൻ അനുവദിക്കുക. മതക്കാർ പരസ്പരം കൊല്ലുകയും വധിക്കുകയുമാണെങ്കിൽ ആര് ഏതു മതം സ്വീകരിച്ച് നടക്കാനാണ്. പിന്നീട് മതംകൊണ്ട് എന്തു ഫലമുണ്ടാകാനാണ്? പരസ്പരം കൊന്നൊടുക്കി എല്ലാവരും മരിച്ചൊടുങ്ങും.
- മതസ്വാതന്ത്ര്യമുണ്ടെന്നുള്ളത് ശരിതന്നെയാണ്. അഭിപ്രായസ്വാതന്ത്ര്യവുമുണ്ട്. പ്രബോധനത്തിനും സന്ദേശമെത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേല്പിക്കുന്നതാണെങ്കിൽ അതിന് എവിടെയെങ്കിലും പരിധി നിശ്ചയിക്കേണ്ടിവരും; എന്തെങ്കിലും വഴികണ്ടെത്തേണ്ടിവരും. അപ്പോൾ മാത്രമേ സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ കഴിയുകയുള്ളൂ.
- തന്റെ നല്ല സുഹൃത്ത് മാതാവിനെതിരെ തെറിപറയുകയാണെങ്കിൽ അവൻ കരണക്കുറ്റിക്ക് അടി വാങ്ങാൻ തയ്യാറായിരിക്കേണ്ടതാണെന്ന് പോപ്പ് പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പോപ്പ് പറയുന്നത് കേൾക്കണം. പോപ്പ് ജനങ്ങളുടെ വികാരങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ വശത്തൂടെ നോക്കുമ്പോൾ അദ്ദേഹം ക്രൈസ്തവമതത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.
- പാക്കിസ്താനിൽ ഞങ്ങൾക്കെതിരെ ഔദ്യോഗികമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ചില രാജ്യങ്ങളിൽ നിയമമില്ല. പക്ഷേ, നമ്മുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം ചെയ്യാൻ സാധിക്കുന്നില്ല. വെല്ലുവിളി എല്ലായിടത്തുമുണ്ട്. പദ്ധതി എത്ര വലുതാണോ അത്രയേറെ പ്രയാസങ്ങളുമുണ്ട്. അതിനെ അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഇക്കാര്യങ്ങൾ എല്ലാമുണ്ടായിട്ടും ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ പ്രവേശിക്കുംവിധമുള്ളതാണ് ഞങ്ങളുടെ സന്ദേശം.

**Hvidovre മേയറും കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ചോദ്യങ്ങൾക്ക് ഹുദൂർ മറുപടി നല്കി.**

❋ ലജ്ന അംഗങ്ങൾ ഏറ്റവുമാദ്യം നമസ്കരിക്കുന്നതിലേക്കും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരങ്ങളും വിശുദ്ധഖുർആനിന്റെ പാരായണവും അനിവാര്യവും അടിസ്ഥാനപരവുമായ കാര്യമാണ്. ❋ വീടുകളിൽ എം.ടി.എ കേൾക്കുക. നിങ്ങളുടെ മക്കളേയും എം.ടി.എയിലെ പരിപാടികൾ കാണിക്കുക. ❋ ആൺകുട്ടികളേയും പെൺകുട്ടികളേയും സ്ത്രീകൾ ഏറ്റെടുക്കുക. കാരണം നബി(സ) തിരുമേനി തർബിയ്യത്തുവകുപ്പ് സ്ത്രീകളെയാണ് ഏല്പിച്ചിരുന്നത്. മാതാവിന്റെ കാലടിക്കീഴിലുള്ള സ്വർഗം കുട്ടികൾക്ക് നല്കുന്ന ശിക്ഷണത്താലാണ് ലഭിക്കുന്നത്. വെറും പെൺകുട്ടികളുടെ തർബിയ്യത്തല്ല. ആൺകുട്ടികൾക്ക് ശിക്ഷണം കൊടുക്കുന്ന കാരണത്താലുമാണ്. ❋ അടുത്തിരുന്ന് പ്രശ്നമെന്താണെന്ന് നോക്കുക എന്നത് സ്വദർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലിയാണ്. പ്രശ്നങ്ങൾ എങ്ങനെ തങ്ങൾക്ക് പരിഹരിക്കാൻ കഴിയും. നിങ്ങൾ കേവലം നിങ്ങളുടെതന്നെ കുട്ടികളേയും വീട്ടുകാരേയും സ്ത്രീകളേയും പുരുഷന്മാരേയും എം.ടി.എയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ തർബിയ്യത്തിന്റെ വലിയൊരു ഭാഗം വീട്ടിലിരുന്നുതന്നെ പരിഹരിക്കാൻ കഴിയും. ❋ സംസാരിക്കുമ്പോൾ മൃദുസമീപനം സ്വീകരിക്കുക. മൃദുലമായി സംസാരിക്കാൻ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു.

**ഡന്മാർക്കിലെ ലജ്ന ഇമാഇല്ലാ നാഷണൽ മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ ഉപദേശങ്ങളും നിർദേശങ്ങളും**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

## 2016 മെയ് 4 (ബുധനാഴ്ച)

6.15ന് ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിൽ ആഗതനായി. സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന ജമാഅത്തംഗങ്ങൾ തങ്ങളുടെ പ്രിയപ്പെട്ട നേതാവിനെ വരവേറ്റു. പെൺകുട്ടികളുടെ സംഘം സ്വാഗതഗാനം ആലപിച്ചുകൊണ്ടിരുന്നു. ഹുദൂർ വാഹനത്തിൽനിന്ന് പുറത്തുവന്നപ്പോൾ ഡന്മാർക്ക് ജമാഅത്തിന്റെ മുബല്ലിഗ് നിഅ്മത്തുല്ലാഹ് സാഹിബും ഡന്മാർക്ക് മുബല്ലിഗ് ഫലാഹുദീൻ സാഹിബും ഹുദൂറിന് സ്വാഗതം പറഞ്ഞ് ഹസ്തദാനം സ്വീകരിച്ചു. ഡന്മാർക്ക് ലജ്ന ഇമായില്ലാഹ് സ്വദർ അമത്തുൽ മന്നാൻ സാഹിബ ഹദ്റത്ത് ബീഗം സാഹിബായെ സ്വാഗതം ചെയ്തു.

ഹുദൂർ തന്റെ കൈ ഉയർത്തി എല്ലാവർക്കും അസ്സലാമു അലയ്ക്കും പറഞ്ഞു. താമസസ്ഥലത്തേക്കുപോയി.

ഡന്മാർക്ക് ജമാഅത്തിനെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ദിവസം വളരെ അനുഗൃഹീതവും സന്തോഷത്തിന്റെയും ദിനമായിരുന്നു. ഹുദൂർ അയ്യദഹുല്ലായുടെ അനുഗൃഹീത പാദങ്ങൾ ഈ മണ്ണിൽ പതിഞ്ഞ ദിവസമായിരുന്നു ഇന്ന്. അല്ലാഹു ഈ സൗഭാഗ്യം ഈ ജമാഅത്തിന് വളരെയേറെ നന്മകൾക്കും അനുഗ്രഹത്തിനും നിമിത്തമാക്കുമാറാകട്ടെ.

അതിനുശേഷം 6.40ന് ഹുദൂർ അയ്യദഹുല്ലാഹ് നുസ്റത്ത് ജഹാൻ മസ്ജിദിൽവന്ന് ളുഹ്ർ അസ്ർ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. നമസ്കാ

രങ്ങൾക്കുശേഷം ഹുദൂർ നിർമിച്ച മിഷൻഹൗസും കെട്ടിടങ്ങളും നോക്കിക്കണ്ടു.

ഈ പുതിയ കോംപ്ലക്സിൽ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്നുള്ള സ്ഥലത്ത് ലൈബ്രറിയും ഓഫീസുകളും 8 വാഷ്റൂമും ഒരു അടുക്കളയും നിർമിച്ചിട്ടുണ്ട്. താഴെ (ബേസ്മെന്റിൽ) ലജ്നക്കു വേണ്ടി നമസ്കാര സെന്റർ നിർമിച്ചിരിക്കുന്നു. ഇതിന്റെ വിസ്താരം 210 ചതുരശ്ര മീറ്ററാണ്. ഇതിനു പുറമെ ലജ്നയുടെ ഓഫീസും സൗണ്ട് സിസ്റ്റത്തിനുള്ള മുറിയും ഒരു ടെക്നിക് മുറിയുമുണ്ട്. ഇതിനു പുറമെ നുസ്റത്ത് ജഹാൻ മസ്ജിദിന്റെ എതിർഭാഗത്ത് റോഡിന്റെ മറുവശത്ത് പഴയതും മോശമായ അവസ്ഥയിലുള്ളതുമായ വില്ല 1999ൽ വാങ്ങിച്ചിരുന്നു. ഈ കെട്ടിടം പൊളിച്ച് ഇവിടെ 363 ചതുരശ്രമീറ്ററുള്ള ബേസ്മെന്റ് നിർമിക്കപ്പെട്ടിരിക്കുന്നു. ഇതിൽ 8 ഓഫീസും 180 ചതുരശ്രമീറ്ററുള്ള ഒരു ഹാളും ഒരു സ്റ്റോറുമുണ്ട്.

ഈ അടിത്തറയിൽ 120 ചതുരശ്രമീറ്ററിന്റെ മുറബ്ബി ഹൗസ് നിർമിക്കപ്പെട്ടിരിക്കുന്നു. ഇതിനു പുറമെ രണ്ടു മുറിയും. അടുക്കള തുടങ്ങിയവയും സൗകര്യപ്പെടുത്തിയിട്ടുണ്ട്. ഒരു ഗസ്റ്റ് ഹൗസും നിർമിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഈ വില്ലയുടെ സ്ഥാനത്ത് മൊത്തം 727 ചതുരശ്ര മീറ്ററുള്ള കെട്ടിടങ്ങൾ നിർമിക്കപ്പെട്ടിരിക്കുന്നു.

എല്ലാ നിർമാണങ്ങളും ചേർത്ത് മൊത്തം 1209 ചതുരശ്രമീറ്ററിന്റെ പുതിയ നിർമാണമാണ് നടന്നിട്ടുള്ളത്. ഈ മുഴുവൻ കോംപ്ലക്സും മനോഹരമാണ്. പരിശോധനയ്ക്കിടയിൽ ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്നുള്ള ഓഫീസുകളും ലൈബ്രറിയും വിസിറ്റ് ചെയ്തതിനുശേഷം താഴെ ലജ്നയുടെ നമസ്കാരഹാളിലും പോയി. ആ അവസരത്തിൽ ഡന്മാർക്ക് അമീർസാഹിബ് പറഞ്ഞു: ഹാളിന്റെ ഒരുഭാഗം മസ്ജിദിന്റെ മുമ്പിലാണ്. അതുകൊണ്ട് ഹാളിൽ ഭിത്തിയോടുചേർന്ന് ഒരു അടയാളമിട്ടിട്ടുണ്ട്. അതിന്റെ പിന്നിലെ സ്വഫ്ഫിൽനിന്ന് നമസ്കരിക്കാനാണ് അങ്ങനെ ചെയ്തിട്ടുള്ളത്.' ഹുദൂർ പറഞ്ഞു: വെറും അടയാളമിട്ടാൽ പോര. അതിന്റെ പിന്നിൽതന്നെ നില്ക്കുന്നതിന സ്ഥിരമായി മുന്നിൽ ഒരു തടസമുണ്ടാക്കേണ്ടതാണ്. അതിനുശേഷം ഹുദൂർ പുറത്തു ഭാഗത്തുനിന്നും കെട്ടിടം നോക്കിക്കണ്ടു. ശേഷം ഹുദൂർ ബേസ്മെന്റിൽ എട്ടു ഓഫീസും ഒരു വലിയ ഹാളും നിർമിച്ചിരിക്കുന്ന ഭാഗത്തുവന്നു. ഓഫീസുകൾ നോക്കിക്കണ്ടതിനുശേഷം ഹുദൂർ ഹാളിലേക്കുപോയി. അവിടെ സ്ത്രീകൾ ഹുദൂറിനെ പ്രതീക്ഷിച്ച് നില്പുണ്ടായിരുന്നു. സ്ത്രീകൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ കൺകുളിർക്കെ കണ്ടു. പെൺകുട്ടികൾ പ്രാർഥനാഗീതങ്ങൾ ചൊല്ലി. സ്വാഗതഗാനം ആലപിച്ചു. ഹുദൂർ ഏകദേശം 25 മിനുറ്റ് ഇവിടെ ചെലവഴിച്ചു. ഈ വേളയിൽ പെൺകുട്ടികൾ പദ്യങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു. സ്ത്രീകൾ തങ്ങളുടെ പ്രിയപ്പെട്ട ഇമാമിനെ അടുത്തുനിന്ന് കണ്ട് അനുഗ്രഹം പ്രാപിക്കുകയായിരുന്നു. ഹുദൂർ എല്ലാ പെൺകുട്ടികൾക്കും ചോക്ലേറ്റു നല്കി. തുടർന്ന് ഹുദൂർ ഗസ്റ്റ്ഹൗസ് സന്ദർശിച്ചു. അതിനുശേഷം താമസസ്ഥലത്തേക്കുപോയി.

പരിപാടിയനുസരിച്ച് ഒമ്പത് മണിക്ക് ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിലെത്തി. മഗ്രിബ് ഇശാ ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്കുതിരിച്ചു.

ഡെന്മാർക്കിൽ ജമാഅത്തിന്റെ മിഷൻ ആരംഭിച്ചത് 1958 സെപ്തംബറിലാണ്. ഇത് ബഹുമാനപ്പെട്ട സയ്യിദ് കമാൽ യൂസുഫ് സാഹിബ് മുബല്ലിഗ് സ്യൂഡൻ ആദ്യമായി ഡന്മാർക്കിലെത്തിയപ്പോഴായിരുന്നു. ആ കാലത്ത് ജമാഅത്തിന്റെ നിർധനത എത്രമാത്രമായിരുന്നുവെന്നാൽ, അദ്ദേഹം ആളുകളിൽനിന്ന് ലിഫ്റ്റ് വാങ്ങിയാണ് യാത്ര ചെയ്തിരുന്നത്. കുറച്ചുസമയം യൂത്ത് ഹോസ്റ്റലിൽ താമസിച്ചു. പിന്നീട് ഫാമിലി ഗസ്റ്റ് ഹൗസ് എന്ന നിലയിൽ വിവിധ വീടുകളിൽ താമസിച്ചു.

ഡന്മാർക്കിലെ ആദ്യത്തെ തദ്ദേശ അഹ്മദി അബ്ദുസ്സലാം സാഹിബ് മെസ്ഡനായിരുന്നു. അദ്ദേഹം 1958-ൽ ബയ്അത്ത് ചെയ്തു. അദ്ദേഹമാണ് ഡാനിഷ് ഭാഷയിൽ വിശുദ്ധഖുർആനിന്റെ തർജമ നി ർവഹിച്ചത്. ബഹുമതിപരമായ മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്യാനുള്ള സൗഭാഗ്യം കരസ്ഥമായി. ഡന്മാർക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗിൽ സ്കാൻഡിനേവിയായിലെ ഏറ്റവുമാദ്യത്തെ മസ്ജിദ് നുസ്റത്ത് ജഹാൻ മസ്ജിദിന്റെ അസ്തിവാരമിട്ടത് 1966 മെയ് 6ന് ആയിരുന്നു.

ബഹുമാന്യ ചൗദ്ദരി സർ സഫ്റുല്ലാഹ് ഖാൻ സാഹിബ്, ചൗദ്ദിരി അബ്ദുല്ലത്വീഫ് സാഹിബ് മുബല്ലിഗ് ജർമനി, ബശീർ അഹ്മദ് റഫീഖ് സാഹിബ് മുബല്ലിഗ് യു.കെ എന്നിവരുടെ സാന്നിധ്യത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) മുമ്പേ തന്നെ അയച്ചിരുന്ന 'മസ്ജിദ് മുബാറക്കിലെ' ഇഷ്ടിക വെച്ച് ബഹുമാനപ്പെട്ട സാഹിബ് സാദാ മിർസാ മുബാറക് അഹ്മദ് സാഹിബ് അടിസ്ഥാന ശിലയിട്ടു.

സ്ത്രീകൾ ഈ മസ്ജിദിന്റെ നിർമാണത്തിന് സാമ്പത്തികത്യാഗങ്ങൾ സമർപിച്ചു. ഈ മസ്ജിദ് സ്ത്രീകളുടെ ചന്ദകൾ കൊണ്ടാണ് നിർമിക്കപ്പെട്ടത്. മസ്ജിദിന്റെ നാമം ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ)ന്റെ പേരിൽ 'മസ്ജിദ് നുസ്റത്ത് ജഹാൻ' എന്ന് വെക്കപ്പെട്ടു. കലാപരമായ നിർമാണത്തിന്റെ അടിസ്ഥാനത്തിൽ ഈ മസ്ജിദ് വേറിട്ടുനില്ക്കുന്നു. ഈ മേത്തരം മാതൃക ഡന്മാർക്ക് മുഴുവൻ അതിന് പ്രസിദ്ധി നേടിക്കൊടുത്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ്(റ) തന്റെ ആദ്യത്തെ ഡന്മാർക്ക് പര്യടനത്തിൽ 1967 ജൂലൈ 21ന് ജുമുഅ ദിവസം മസ്ജിദ് നുസ്റത്ത് ജഹാന്റെ ഉദ്ഘാടനകർമം നിർവഹിച്ചു.

ഡന്മാർക്ക് ഇൻചാർജ് മുബല്ലിഗ് പരേതനായ മീർ മസ്ഊദ് അഹ്മദ് സാഹിബ് അങ്ങേയറ്റം ദുർഘടമായ അവസ്ഥകളായിരുന്നിട്ടും സ്ഥലമന്വേഷിക്കാനും കരസ്ഥമാക്കാനും അതുല്യമായ സേവനമാണ് ചെയ്തത്. ഈ മസ്ജിദിന്റെ നിർമാണത്തിന് മൊത്തം അഞ്ചുലക്ഷം രൂപ ചെലവുവന്നു. ഈ എല്ലാ തുകയും സ്വദ്ർ ലജ്ന മർക്കസിയ്യാ ഹദ്റത്ത് സയ്യിദ ഉമ്മുമത്തീൻ മർയം സിദ്ദീഖ സാഹിബായുടെ മേൽനോട്ടത്തിൽ സമാഹരിക്കുകയായിരുന്നു. ഭൂരിഭാഗവും സ്ത്രീകളും തങ്ങളുടെ ആഭരണങ്ങൾ മുഴുവനും ചന്ദ നല്കി. തുടക്കത്തിൽ രണ്ടുലക്ഷം രൂപയായിരുന്നു ചെലവ് പ്രതീക്ഷിച്ചിരുന്നത്. പിന്നീട് നിർമാണത്തോടൊപ്പം ചെലവും വർധിച്ചുകൊണ്ടിരുന്നു; അഞ്ചുലക്ഷം രൂപവരെയെത്തി. ലജ്ന ഈ മുഴുവൻ തുകയും പൂർത്തിയാക്കി. സ്ത്രീകൾ മാത്രം ചെലവെടുത്ത് നിർമിച്ചിട്ടുള്ള മസ്ജിദുകളിൽ ഒന്നാണ് 'മസ്ജിദ് നുസ്റത്ത് ജഹാൻ.'

(ശേഷം പേജ് 12ൽ)

# പ്രവാചകസാർവഭൗമൻ അഥവാ മുഹമ്മദുനബി

**വിദ്വാൻ എ. ഇസ്ഹാഖ്, കരുന്നാഗപ്പള്ളി**

*നിത്യത തന്നുടെ കാന്തി തിളങ്ങിടും*
*സത്യത്തിൻ ദൃഷ്ടാന്തമാകും തിരുനബി*
*സ്നേഹത്തിൻ രശ്മികൾ തൂകി ഭവാൻ തമോ*
*മോഹമകറ്റിയീലോകം കുളിർപ്പുപ്പൂ*
*മാതാപിതാക്കൾ തൻ വാത്സല്യമാം ദുഗ്ധം*
*പിതനായ് തൃപ്തി വളർന്നില്ലെന്നാകിലും*
*പാകതയില്ലാത്ത കാലം മുതൽക്കേയീ*
*ലോകസംരക്ഷണംതന്നെ കൊതിച്ചവൻ*
*മാനവതാരമധ്യസ്ഥൻ മുഹമ്മദ-*
*ന്യൂനമാകുന്ന പൂന്തിങ്കളായ് മിന്നുന്നു.*

*മാനവരാശിയിൽ ദൈവവിശ്വാസത്തിൻ*
*ഊനമില്ലാത്തൊരു കാന്തി വളർത്തുവാൻ*
*സത്യത്തിൻ ഏകമാംശക്തിയിൽ വിശ്വാസം*
*അത്യന്തത്യാഗത്താൽ നേടിയെടുത്തവൻ*
*മർത്യർക്കു പുണ്യപ്രദീപമേന്തിക്കൊണ്ടു*
*സ്തുത്യർഹമിമ്മാർഗദർശകൻ ശോഭിപ്പൂ*

*പീയൂഷ ധാര പൊഴിച്ചു ജനങ്ങളിൽ*
*സായൂജ്യബോധം വളർത്തിയൊരിപ്പുമാൻ*
*നീതിശാസ്ത്ര സംപൂർണതയാൽ സർവ*
*ഭൂതിയുമേകുന്നു സർവദേശത്തിലും*

*ജാതിവംശാദിയീമാനവരാശിയിൽ*
*ജാതമാക്കീടുന്ന ദുഷ്പ്രഭാവാങ്കുരം*
*ഉന്മൂലനം ചെയ്തു സ്നേഹത്തിൻ*
*പുഷ്ടിയാൽ*
*ഉന്മുഖരായ് ജനവ്യൂഹം വളരുവാൻ*
*സാഹോദര്യത്തിന്റെ സുന്ദരസന്ദേശം*
*സൗഹാർദപൂർവം മനുജർക്ക്*
*നല്കിയോൻ*
*ദിവ്യൻമുഹമ്മദീ ലോകത്തരത്ഭുത*
*ഭവ്യഭിഷഗ്വരനായി പ്രശോഭിപ്പൂ*

*പള്ളിയിലേകദാ പോകുന്ന വേളയിൽ*
*ഉള്ളിലൊതുങ്ങാത്ത ദുഃഖഭാരത്തിനാൽ*
*വീഥിയരികിലലയുന്നൊരു ബാലൻ*
*നാഥനില്ലാത്തവൻ ദീനനായി കേഴ്കയാൽ*

*പേരുമെന്നല്ലൂരും ജാതിയും വംശവും*
*ഓരുവാനൊട്ടുമൊരുങ്ങാതെയമ്മഹാൻ*

*'ഉണ്ണീ! നീ മാതാപിതാക്കളില്ലാത്തതിൽ*
*കണ്ണീരുവാർത്തു കഴിയേണ്ടിനിമേലിൽ*
*ഇന്നുമുതൽ ഞാൻ തവതാതൻ ഐഷയോ*
*നിന്നെ വളർത്തുവാൻ ഓമനമാതാവും"*
*എന്നോതി ബാലന്റെ കണ്ണുനീരൊപ്പിയാ*
*പ്പൊന്നോമൽക്കുഞ്ഞിനെ*
*തോളിൽക്കരേറ്റിനാൻ*

*മന്ദിരം പൂകിപ്പെരുനാളാഘോഷിച്ചാൻ*
*നന്ദിച്ചു പിന്നെ വളർത്തിയബ്ബാലനെ*
*പാരിലേവം കരിയാതെ പൂമൊട്ടുകൾ*
*സൗരഭം തൂകുവാൻ ശുശ്രൂഷ ചെയ്തവൻ*
*പ്രാതിനിധ്യത്തിന്റെ കേദാരമേ! പൂർണ*
*നീതിശാസ്ത്രത്തിൻ പൊരുളേ!മുഹമ്മദേ!*

*താവക ഭാവുകവാത്സല്യവായ്പിനെ*
*ഭൂവിലിളക്കുവാനേതുണ്ടളവുകോൽ?*
*അധ്യയനം ചെയ്തു വിദ്യാലയങ്ങളിൽ*
*അധ്യപകനാകാനാശിച്ചില്ലെങ്കിലും*
*അധ്യാപകർക്കെല്ലാം പാഠങ്ങളോതീടു*
*മധ്യാപകോത്തംസമായ് നബി ശോഭിപ്പൂ*
*ധ്യാനപരനായ് മുഹമ്മദഭൂതമാം*
*ജ്ഞാനസമ്പത്തു ഗുഹയിൽനിന്നും നേടി*

*സർവവിധജ്ഞാന സങ്കേതമായിട്ടും*
*ഹിറാഗുഹയൊരു സർവകലാലയം*
*നിർഗളിച്ചീടുന്നവിടെനിന്നും പല*
*മാർഗമായ് നാനാവിധം ജ്ഞാനശാഖകൾ*

*ഛിദ്രമാകുന്നൊരീ ലോകം സമാധാന*
*ഭദ്രമായ് ശാശ്വത ശാന്തി നേടീടുവാൻ*
*പാകതയേറുമീ ജ്ഞാനത്തിൻ*
*മാർഗങ്ങൾ ലോകത്തിനൈശ്വര്യ*
*പാഠങ്ങൾ നൽകുന്നു!*

*(സത്യദൂതൻ 1968 ജനുവരി ലക്കം)*

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

**എല്ലാ മതങ്ങളേയും സത്യപ്പെടുത്തുകയും മോക്ഷത്തിന്റെ വിശാലമായ മാർഗം കാണിച്ചു തരികയും ചെയ്ത ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയെ നിഷേധിച്ചാലും മോക്ഷം ലഭിക്കുമെന്ന് പറഞ്ഞുകൊണ്ട് ഡോക്ടർ അബ്ദുൽ ഹക്കീം ഖാൻ എന്ന ഒരാൾ ഇസ്ലാംമതം ഉപേക്ഷിച്ച് പുറത്തുപോകുകയുണ്ടായി. നബി(സ)തിരുമേനിയെ നിശിതമായി അധിക്ഷേപിച്ചിരുന്ന ഇയാളുടെ നിഷേധവാദത്തിന്റെ നിരർഥകത ഹദ്റത്ത് അഹ്മദ്(അ)തന്റെ ഹഖീഖത്തുൽ വഹ്യ് എന്ന ഗ്രന്ഥത്തിൽ വ്യക്തമാക്കുന്നു.**

**(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

കലാപങ്ങൾ മുറ്റി നില്ക്കുന്ന ഇക്കാലത്ത് മോക്ഷപ്രാപ്തിക്കായി നബി(സ) തിരുമേനിയിൽ വിശ്വസിക്കേണ്ടതില്ലെന്നും ആ മഹാത്മാവിനെ പിൻപറ്റേണ്ടത് അത്യാവശ്യമല്ലെന്നും അല്ലാഹുവിന് പങ്കാളികളാരുമില്ലെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ കടക്കാമെന്നും കരുതുന്ന ചിലയാളുകൾ മുസ്ലിം സമുദായത്തിൽ പിറന്നുവീണിരിക്കുന്നു. കെട്ടിപ്പറഞ്ഞും അക്രമം പ്രവർത്തിച്ചും അല്ലെങ്കിൽ തെറ്റായ നിഗമനങ്ങൾവച്ചു പുലർത്തിക്കൊണ്ട് അടിസ്ഥാനരഹിതമായ പല ആക്ഷേപങ്ങളും എന്റെമേൽ ആരോപിക്കുന്ന ചിലയാളുകളുമുണ്ട്. അത്തരക്കാരുടെ ഉദ്ദേശ്യം ഈ ജമാഅത്തിനെ സംബന്ധിച്ച് മറ്റുള്ളവരെ ജാഗ്രതപ്പെടുത്തുക എന്നതാണെന്ന് തോന്നുന്നു. മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കെല്പില്ലാത്ത കാരണത്താൽ ആരോപണം ഉന്നയിക്കുന്ന ചിലരും ഇല്ലാതില്ല. അവരുടെ സ്വഭാവത്തിൽ ഉപദ്രവമൊന്നുമില്ല. എന്നാൽ, കാര്യബോധമില്ലാത്തവരാണ്. സ്വമേധയാ യാഥാർഥ്യം അപഗ്രഥിച്ചെടുക്കാനുള്ള പക്വതയും പാടവവും അവർക്കില്ല. അതുകൊണ്ട് ഈ ഉപസംഹാരത്തിൽ ആ എല്ലാ സന്ദേഹങ്ങളും ദൂരീകരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമൊന്നും എനിക്കില്ലായിരുന്നു. കാരണം എന്റെ നിരവധി ഗ്രന്ഥങ്ങളിൽ നിരർഥമായ ഇത്തരം ആക്ഷേപങ്ങൾക്കെല്ലാം മറുപടി നൽകപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, പട്യാല നിവാസിയും അസിസ്റ്റന്റ് സർജനുമായ അബ്ദുൽ ഹക്കീംഖാൻ എന്നൊരാൾ എന്റെ ശിഷ്യത്വം സീകരിച്ച് നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിരുന്നുവെങ്കിലും, കൂടിക്കാഴ്ചയുടെ അഭാവവും സഹവാസത്തിന്റെ കുറവും മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങളിലുള്ള അജ്ഞതയും കാരണം, അഹങ്കാരം, അറിവില്ലായ്മ, ആത്മപ്രശംസ, തെറ്റായ ധാരണ തുടങ്ങിയ അസുഖങ്ങൾക്കടിപ്പെട്ടിരുന്ന അയാൾ നിർഭാഗ്യവശാൽ ഈ ജമാഅത്തിൽനിന്ന് പുറത്തുപോകുകയും നമ്മുടെ ശത്രുവായിത്തീരുകയും ചെയ്തിരിക്കുന്നു. തന്റെ അജ്ഞതനിറഞ്ഞ എഴുത്തുകളിൽ വിഷവായുപ്രയോഗിച്ച് അല്ലാഹുവിന്റെ കരത്താൽ തെളിക്കപ്പെട്ട ഈ ദീപത്തെ അണയ്ക്കുന്നതിന്നായി അയാൾ ശ്രമിച്ചു വരികയാണ്. അതുകൊണ്ട് പൊതുജനങ്ങളെ സത്യാവസ്ഥ ബോധ്യപ്പെടുത്തുന്നതിനായി അയാളുടെ ചില ആക്ഷേപങ്ങൾക്ക് ഹ്രസ്വമായ നിലയിൽ മറുപടി പറയുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം മതപരമായ കാര്യങ്ങളോടുള്ള താൽപര്യക്കുറവും ഭൗതികതയോടുള്ള അമിതമായ പ്രതിപത്തിയുംകൊണ്ട് എന്റെ ഗ്രന്ഥങ്ങളെല്ലാം അന്വേഷിച്ചു കണ്ടെത്തി അതിലുള്ള മറുപടി തിരഞ്ഞുപിടിക്കുകയെന്നത് സാധാരണക്കാരന് ദുഷ്കരമാണ്.

നമ്മുടെ ജമാഅത്തിൽനിന്ന് അബ്ദുൽ ഹക്കീം ഖാൻ പുറത്തു പോകാനുണ്ടായ കാരണം ആദ്യമേ എഴുതുന്നത് ഉചിതമായിരിക്കും. പരലോക മോക്ഷപ്രാപ്തിക്കായി നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നും മറിച്ച് അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുന്ന ഏതൊരാൾക്കും (അയാൾ നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലമിനെ നിഷേധിക്കുന്നവനാണെങ്കിൽപോലും) മോക്ഷം ലഭ്യമാകുമെന്നുമാണ് അയാളുടെ വിശ്വാസം. ഇതിൽനിന്ന്, അയാളുടെ വീക്ഷണത്തിൽ ഒരാൾ ഇസ്ലാം മതത്തിൽനിന്ന് പുറത്തുപോയാലും മോക്ഷംപ്രാപിക്കുമെന്നത് പ്രകടമാണ്. അതിനുള്ള ശിക്ഷകൊടുക്കുന്നത് അക്രമവുമാണ്. ഉദാഹരണത്തിന്, ഈയടുത്ത കാലത്ത് അബ്ദുൽ ഗഫൂർ എന്നൊരാൾ ആര്യസമാജത്തിൽച്ചേർന്നു. ധരംപാൽ എന്ന പേരും സ്വീകരിച്ചു. അയാൾ നബി(സ)തിരുമേനിയെ നിന്ദിക്കുന്നതിലും കളവു പ്രചരിപ്പിക്കുന്നതിലും രാപ്പകൽ വ്യാപൃതനാണ്. അബ്ദുൽ ഹക്കീം ഖാന്റെ പക്കൽ അയാളും നേരെ സ്വർഗത്തിൽപ്പോകും. കാരണം ആര്യസമാജക്കാർ ബിംബാരാധനയിൽനിന്ന് കൈ പിൻവലിച്ചവരാണ്. എന്നാൽ, ഇത്തരം വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ നബിമാരുടെ (അലയ്ഹിമുസ്സലാം) ആഗമനം അയുക്തികവും അനാവശ്യവുമായിത്തീരുമെന്ന് ഓരോ വിവേകശാലിക്കും അറിയാം. കാരണം നബിമാരുടെ നിഷേധിയും ശത്രുവുമായിരിക്കുന്ന ഒരാൾ അല്ലാഹുവിനെ ഏകനായി കരുതുന്നുവെന്ന കാരണത്താൽ മോക്ഷം പ്രാപിക്കുമെന്നാണെങ്കിൽ നബിമാരുടെ ആഗമനം അനാവശ്യം തന്നെയാണ്.* ആ നബിമാരെ കൂടാതെയും കാര്യങ്ങളൊക്കെ നടക്കുമായിരുന്നു. അവർ വരേണ്ട ആവശ്യമേയില്ല. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കാമെന്നുള്ളത് ശരിയാണെങ്കിൽ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി എന്ന കലിമയായ മഹദ്വചനവും ഒരുതരം ബഹുദൈവാരാധനയായിത്തീരും. കാരണം മുഹമ്മദുർറസൂല്ലാഹി എന്ന വചനം നിർബന്ധപൂർവം ലാ ഇല്ലാഹ ഇല്ലല്ലാഹു എന്ന വചനത്തോടു കൂട്ടിച്ചേർത്തതാണ്. യഥാർഥത്തിൽ ഇത്തരക്കാർ മുഹമ്മദുർറസൂലുല്ലാഹി എന്ന് പറയുന്നത് ശിർക്കായിട്ട്– ബഹുദൈവാരാധനയായിട്ട് തന്നെയാണ് കരുതുന്നത്. ലാഇലാഹ ഇല്ലല്ലാഹു എന്നതിനോടൊപ്പം ഒന്നും ചേർക്കാതിരിക്കുന്നതാണ് അവരുടെ പക്കൽ പരിപൂർണമായ ഏകദൈവ വിശ്വാസം. അതായത് തൗഹീദ്. അവരുടെ വീക്ഷണത്തിൽ ഇസ്ലാം മതത്തിൽനിന്ന് പുറത്തു പോകുന്നത് മോക്ഷപ്രാപ്തിയ്ക്ക് തടസ്സമാകുന്നില്ല. ഉദാഹരണത്തിന്, ഒരൊറ്റ ദിവസം മുസ്ലിംകൾ ഒന്നടങ്കം നബി(സ) തിരുമേനിയുടെ നുബുവ്വത്തിനെ നിഷേധിച്ചുകൊണ്ട് വഴിപിഴച്ച തത്ത്വചിന്തകരെപ്പോലെ ദൈവത്തിൽ മാത്രം വിശ്വസിക്കുകയും വിശുദ്ധഖുർആനേയും നബി(സ) തിരുമേനിയേയും പിന്തുടരേണ്ടതില്ലെന്ന് കരുതുകയും നിഷേധികളായിത്തീരുകയും ചെയ്താലും അവരുടെ പക്കൽ ഇവരെല്ലാം മുർത്തദ്ദ് അഥവാ മതത്തിൽനിന്ന് പുറത്തുപോയവരാണെങ്കിൽത്തന്നെ മോക്ഷം പ്രാപിക്കുകയും സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും! വാസ്തവത്തിൽ, ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും അവന്റെ അസ്തിത്വത്തിലും ഉൺമയിലും ഏകത്വത്തിലും വിശ്വസിക്കുകയും ചെയ്യുന്നതിനോടൊപ്പം നബി(സ) തിരുമേനിയുടെ നുബുവ്വത്തിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണെന്ന കാര്യത്തിൽ സ്വഹാബത്തിന്റെ (റളിയല്ലാഹുഅൻഹും) കാലം തൊട്ട് നമ്മുടെ ഇക്കാലം വരെയുള്ള എല്ലാ മുസ്ലിം കക്ഷികളും ഏകാഭിപ്രായക്കാരാണെന്ന യാഥാർഥ്യം ചിന്താശക്തി കുറഞ്ഞവരിൽനിന്നുപോലും മറഞ്ഞതല്ല. വിശുദ്ധ ഖുർ ആനിൽ വിവരിക്കപ്പെട്ടതും രേഖപ്പെട്ടതുമായ എല്ലാ കാര്യങ്ങളിലും വിശ്വസിച്ചേപറ്റൂ. പ്രാരംഭകാലം മുതൽ മുസ്ലിംകൾക്ക് മനസ്സിലാക്കിക്കൊടുത്തുവരുന്ന ഒരു കാര്യമാണിത്. ഇതിൽ അടിയുറച്ചു വിശ്വസിച്ചുവെന്ന കാരണത്താൽ സ്വഹാബത്തിന് (റളിയല്ലാഹുഅൻഹും) അതായത് നബിതിരുമേനിയുടെ പ്രിയങ്കരരായ സഹചാരികൾക്ക് തങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. ശത്രുക്കൾ തട്ടിക്കൊണ്ടുപോയ സത്യവാന്മാരായ മുസ്ലിംകളോട് നബി(സ)തിരുമേനിയെ തള്ളിപ്പറയാനും തങ്ങളുടെ കൂടെ തിരിച്ചുവരാനും അവിശ്വാസികൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, നബിതിരുമേനിയെ തള്ളിപ്പറയാൻ അവർ തയ്യാറായില്ല. എന്നുമാത്രമല്ല ആ വഴിയിൽ തങ്ങളുടെ ജീവൻ സമർപണം ചെയ്തു. ഈ സംഭവം പ്രസിദ്ധമാണ്. എത്രത്തോളമെന്നാൽ, ഇസ്ലാമിക ചരിത്രവുമായി അല്പമാത്ര ബന്ധമുള്ള ഒരാൾക്കുപോലും നാം ഇപ്പറയുന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല.

ഇസ്ലാമിക യുദ്ധങ്ങൾ പ്രതിരോധമെന്ന നിലയിലായിരുന്നു നടന്നതെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. അതായത് തുടക്കം അവിശ്വാസികളിൽ നിന്നായിരുന്നു. ആക്രമണത്തിൽനിന്ന് പിൻമാറാൻ അറേബ്യയിലെ സത്യനിഷേധികൾ തയ്യാറായില്ല. അറേബ്യമുഴുവനും ഇസ്ലാം മതം പരക്കുമെന്നുള്ള ഭയമായിരുന്നു അവർക്ക്. ഈ സാഹചര്യത്തിൽ ആ പീഢിത സമൂഹത്തെ ഫിർഔൻമാരുടെ ഉരുക്കു മുഷ്ടികളിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടി അക്കൂട്ടരെ പ്രതിരോധിച്ചുകൊള്ളാൻ നബി(സ)തിരുമേനിയ്ക്ക് കല്പനയുണ്ടായി. എന്നാൽ, നബി(സ)തിരുമേനിയുടെ പ്രവാചകത്വത്തെ

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 09 August 2018 Issue-32

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

അംഗീകരിക്കേണ്ട ആവശ്യമില്ലെന്നും ആ മഹാത്മാവിൽ വിശ്വസിക്കുന്നത് മോക്ഷം കിട്ടുന്നതിന് നിർബന്ധമല്ലെന്നും സ്വമേധയാ ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നുമാത്രം മനസ്സിലാക്കിയാൽ മതിയെന്നും അദ്ദേഹത്തെ നി ഷേധിക്കുകയും എതിർക്കുകയും അദ്ദേഹത്തോടു ശത്രുത പുലർത്തുകയും ചെയ്താലും വിരോധമില്ലെന്നും അദ്ദേഹത്തെ മാതൃകാപുരുഷനായി അംഗീകരിക്കേണ്ട ആവശ്യമില്ലെന്നുമുള്ള സന്ദേശം മക്കയിലെ ആ സത്യനിഷേധികൾക്ക് കൊടുത്തിരുന്നുവെങ്കിൽ ഇത്രമാത്രം യുദ്ധമുണ്ടാകുമായിരുന്നില്ല. ഇതിലൊട്ടും സംശയത്തിന്നിടമില്ല. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുന്ന യഹൂദികൾക്കെതിരിലും യുദ്ധം ചെയ്യേണ്ടിവരുമായിരുന്നില്ല. അവരുടെ അക്രമ പ്രവർത്തനങ്ങൾക്ക് ശിക്ഷകൊടുത്തതെന്തിനാണ്? നബി(സ)തിരുമേനിക്ക് ഖുർആനിക ജ്ഞാനം ഇല്ലെന്നാണോ പറയുന്നത്?

അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം സശ്ര ദ്ധം പാരായണം ചെയ്താൽ ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കാനും അതോടൊപ്പം തങ്ങളുടെ നുബുവ്വത്തിലും അതായത് പ്രവാചകത്വത്തിലും വിശ്വസിക്കാനും പഠിപ്പിക്കുന്നതിനുവേണ്ടിയാണ് നബിമാരെല്ലാം വന്നതെന്ന് മനസ്സിലാകും. ഇതുകൊണ്ടു തന്നെയാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ സംക്ഷിപ്തമായിട്ട് ഉമ്മത്തിനെ ഒന്നടങ്കം ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസുലല്ലാഹി എന്ന രണ്ടു വരികൾ പഠിപ്പിച്ചിരിക്കുന്നത്.

ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അറിവ് നൽകുന്നവരും, അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് പഠിപ്പിക്കുന്നവരും നബിമാർ മാത്രമാണെന്നും നാം ഓർക്കേണ്ടതാണ്. ഈ പരിശുദ്ധാത്മാക്കൾ ലോകത്തു വന്നിട്ടില്ലായിരുന്നെങ്കിൽ നേരായ മാർഗത്തെ സുദൃഢമായ നിലയിൽ പ്രാപിക്കുകയെന്നത് തടസ്സമുള്ളതും സാധ്യതയറ്റതുമായ കാര്യമാകുമായിരുന്നു. ആകാശഭൂമികളെ സംബന്ധിച്ച് ചിന്തിച്ചും അവയുടെ ഉന്നതവും ബലവത്തായതുമായ ക്രമീകരണം വീക്ഷിച്ചും യുക്തിഭദ്രമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ള ആരെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നത് ശരിതന്നെ. എന്നാൽ, 'ഉണ്ടായിരിക്കണം' എന്ന വചനവും 'തീർച്ചയായും ഉണ്ട്'എന്ന വചനവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. 'ഉണ്ട്' എന്ന ദൃഢമായ അറിവുനൽകുന്നവർ നബിമാർ അലയ്ഹിമുസ്സലാം മാത്രമാണ്. അവർ ആയിരക്കണക്കിന് അടയാളങ്ങൾകൊണ്ടും മനുഷ്യകരങ്ങൾക്കതീതമായ ദൃഷ്ടാന്തങ്ങൾകൊണ്ടും സൂക്ഷ്മാൽ സൂക്ഷ്മവും സർവശക്തിയുടേയും സമ്മേളനകേന്ദ്രവുമായ ആ അസ്തിത്വം യഥാർഥത്തിലുണ്ടെന്ന് ലോകത്തിന് സ്ഥാപിച്ച് കാണിച്ചുകൊടുത്തു. പ്രപഞ്ചവ്യവസ്ഥ കണ്ടിട്ട് യഥാർഥ സ്രഷ്ടാവിന്റെ ആവശ്യകത അനുഭവപ്പെടുന്നത്ര ബുദ്ധിയുടെ നിലയും നുബുവ്വത്തിന്റെ കിരണങ്ങളിൽനിന്നുതന്നെ പ്രാപ്യമായതാണ്. നബിമാരുടെ സാന്നിധ്യം ഇല്ലായിരുന്നെങ്കിൽ ഈ നിലയിലുള്ള ബുദ്ധിയും ആർക്കും ലഭിക്കുമായിരുന്നില്ല. ഉദാഹരണത്തിന്, ഭൂമിയ്ക്കടിയിൽ ജലമുണ്ട്. എന്നാൽ, ആ ജലത്തിന്റെ നിലനിൽപ്പും സാന്നിധ്യവും ആകാശ ജലവുമായി ബന്ധപ്പെട്ടതാണ്. ആകാശത്തുനിന്ന് ജലം വർഷിക്കാതെ വരുമ്പോൾ ഭൂമിയിലെ ജലവും വറ്റിപ്പോകുന്നു. അത് വർഷിക്കുമ്പോൾ ഭൂമിയിൽ ജലം അലതല്ലുന്നു. ഇതേ പ്രകാരം നബിമാരുടെ ആഗമനത്തോടെ ബുദ്ധിയ്ക്ക് മൂർച്ചകൂടുന്നു. ഭൗമ്യജലമായ ബുദ്ധി അതിന്റെ ആ സ്ഥിതിയിൽനിന്ന് പുരോഗതി പ്രാപിക്കുന്നു. പിന്നീട് ദീർഘകാലത്തേയ്ക്ക് ഒരു നബി യും വരുന്നില്ലെങ്കിൽ ബുദ്ധിയുടെ ഭൗമികജലം ദുഷിക്കുകയും വറ്റാൻ തുടങ്ങുകയും ചെയ്യുന്നു. ബിംബാരാധനയും ബഹുദൈവാരാധനയും മറ്റു പലതരം അധർമങ്ങളും പരക്കുന്നു. കണ്ണിൽ ഒരു പ്രകാശം ഉണ്ടെങ്കിൽ പോലും സൂര്യനെ ആശ്രയിക്കേണ്ടിവരുന്നതുപോലെ കണ്ണിന്റെ സാമ്യരൂപമായ ലൗകികബുദ്ധി എപ്പോഴും പ്രവാചകത്വ സൂര്യനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. ആ സൂര്യൻ മറയുമ്പോഴെല്ലാം അതിൽ പൊടുന്നനെ കലക്കവും ഇരുട്ടും ഉണ്ടാകുന്നു. കണ്ണുള്ളതുകൊണ്ടു മാത്രം നിങ്ങൾക്കെന്തെങ്കിലും കാണാൻ കഴിയുമോ? ഒരിക്കലുമില്ല. ഇതേപ്രകാരം നുബുവ്വത്തിന്റെ പ്രകാശകിരണം പതിയാതെ നിങ്ങൾക്കൊന്നും കാണാൻ സാധ്യമല്ല.(ഹഖീഖത്തുൽ വഹ്‌യ് പേ: 111–115)

*നബിമാരെ നിഷേധിക്കുന്നവർക്കും അവരുടെ കഠിനവിരോധികൾക്കും തങ്ങളുടെ സാങ്കല്പികമായ ഏകദൈവ വിശ്വാസത്താൽ മോക്ഷം പ്രാപിക്കാമെന്നുള്ളത് വാസ്തവമാണെങ്കിൽ ആ അവിശ്വാസികൾക്ക് പുനരുത്ഥാനനാളിൽ എന്തെങ്കിലും ശിക്ഷ കിട്ടുന്നതിനുപകരം നബിമാർ തന്നെയായിരിക്കും ഒരു തരം ശിക്ഷയിലകപ്പെടുക. തങ്ങളെ കഠിനമായി വിരോധിച്ചവരും നിന്ദിച്ചവരും സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നതു കാണുമ്പോൾ, തങ്ങൾക്ക് ലഭിച്ചതുപോലുള്ള അഭ്യുന്നതിയിലും അന്തസ്സിലും അവരെ ദർശിക്കുമ്പോൾ- നിങ്ങൾ നിന്ദിച്ചതുകൊണ്ടും നിഷേധിച്ചതുകൊണ്ടും ഞങ്ങൾക്കെന്താടോ നഷ്ടപ്പെട്ടതെന്ന് അപ്പോൾ അവർ നബിമാരോട് ചോദിച്ചുകൂടായ്കയുമില്ല- ആ സ്വർഗത്തിൽ പാർക്കുകയെന്നത് നബിമാർക്ക് കയ്പുള്ളതായിത്തീരും. (തുടരും)

( പേജ് 10ൽനിന്ന്)

ആദ്യം ഈ നുസ്റത്ത് ജഹാൻ മസ്ജിദിനോടൊപ്പം ഒരു ചെറിയ മിഷൻ ഹൗസുമുണ്ടായിരുന്നു. എല്ലാവർക്കുമായുള്ള അടുക്കളയുമുണ്ടായിരുന്നു. അതിനോടൊപ്പം ഒരു ചെറിയ ഓഫീസും ഉണ്ടായിരുന്നു. ബേസ്മെന്റിൽ ഒരു സ്റ്റോറും 2 ചതുരശ്രമീറ്റർ വിസ്താരമുള്ള ഹാളും രണ്ടു ചെറിയ വാഷ്‌റൂമുമുണ്ടായിരുന്നു. രണ്ടു ചെറിയ മുറിയുണ്ടായിരുന്നു. ഒന്ന് ഖുദ്ദാമുൽ അഹ്മദിയ്യാ ഓഫീസിനും രണ്ടാമത്തെ മുറി എം.ടി.എയ്ക്കും വേണ്ടി ഉപയോഗിച്ചിരുന്നു. ഇപ്രകാരം മുകളിലും താഴെയും ചേർന്ന് മുഴുവൻ നിർമാണത്തിന്റേയും വിസ്താരം 201 ചതുരശ്രമീറ്ററായിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസ്ജിദിനോടൊപ്പം ചേർന്നുള്ള നിർമാണത്തിലിരുന്ന ഭാഗം പൊളിച്ച് ഒരു വലിയ ഭാഗത്ത് പുതിയ നിർമാണം തുടങ്ങിയിരിക്കുകയാണ്. ഇതുപോലെ മസ്ജിദിന് മുമ്പിൽ റോഡിന്റെ മറുവശത്തും വലിയ വിശാലമായ നിർമാണം നടക്കുന്നുണ്ട്. ഈ നിർമാണങ്ങളിൽ രണ്ട് ഹാളും വലിയ തോതിൽ ഓഫീസുകളും ലൈബ്രറിയും മിഷൻഹൗസും മുറബ്ബിഹൗസും മസ്ജിദ് ഹൗസും സ്റ്റോറും ധാരാളം വാഷ്‌റൂമുകളുമുണ്ട്. അതിന്റെ വിശദീകരണം മുമ്പേ നല്കിയിട്ടുള്ളതാണ്.

**2016 മെയ് 5 (വ്യാഴാഴ്ച)**

ഹുദൂർ അയ്യദഹുല്ലാഹ് വെളുപ്പിന് 4.15ന് നുസ് റത്ത് ജഹാൻ മസ്ജിദിലെത്തി. സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്ക് പോയി.

രാവിലെ ഹുദൂർ ഓഫീസ് സംബന്ധമായ പ്രവൃത്തികളിൽ മുഴുകി. രണ്ട് മണിക്ക് ഹുദൂർ നുസ്റത്ത് ജഹാൻ മസ്ജിദിലെത്തി ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ താമസസ്ഥലത്തേക്ക് മടങ്ങി.

ഇതിനിടയിൽ ലജ്നയുടെ ഹാളിലേക്കുപോകുന്ന രണ്ടു വഴികളിലും, ഒരു വഴിയിൽ ചവിട്ടുപടികളും രണ്ടാമത്തെ വഴിയിൽ ഞഅങ്ങജുമാണുള്ളത്. ആ രണ്ടു വഴികളിലും ഇരുവശത്തും താഴേക്കിറങ്ങാൻ എളുപ്പമുണ്ടാകുന്നതിന് റൈലിംഗ് പതിക്കാൻ ഹുദൂർ നിർദ്ദേശിച്ചു.

അതിനുശേഷം പരിപാടിയനുസരിച്ച് ഏഴു മണിക്ക് അമീറുൽ മുഅ്മിനീൻ ഓഫീസിൽ വന്നു.അവിടെ മസ്ജിദ് നിലകൊള്ളുന്ന പ്രദേശമായ HVIDOURE മുനിസിപ്പാലിറ്റിയുടെ മേയർ WON HELLE ADELBORG സാഹിബ തന്റെ നാലു കൗൺസിലർമാരായ ANNETTE SJOBECKസാഹിബ, MARIA DURHUUS സാഹിബ, KENNETH F. CHRISTENSEN സാഹിബ, എന്നിവർ കാശിഫ് അഹ്മദ് സാഹിബിനോടൊപ്പം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള സൗഭാഗ്യം കരസ്ഥമാക്കി.

മേയർ സാഹിബ, തന്നെ പരിചയപ്പെടുത്തിക്കൊണ്ട് പറഞ്ഞു: ഞാൻ ഈ മസ്ജിദ് നിലകൊള്ളുന്ന പ്രദേശത്തെ മേയറാണ്. മറ്റുള്ളവർ ഈ പ്രദേശത്തെ കൗൺസിലർമാരാണ്. ഡന്മാർക്കിൽ ദേശീയതലത്തിൽ ഇന്ന് അവധി ദിവസമാണ്. ഇന്ന് ഇവിടെ അവധി എന്തുകൊണ്ടെന്ന് ഹുദൂർ മേയർ സാഹിബയോടു അന്വേഷിച്ചു. ഇന്ന് ക്രിസ്തിന്റെ അവധിയാണെന്ന് അവർ പറഞ്ഞു. അതായത് ഈസാ(അ) ആകാശത്തു പോയ ദിവസം. അപ്പോൾ ഹുദൂർ പറഞ്ഞു: മറ്റൊരു രാജ്യവും ഈ തിയ്യതിക്ക് അവധി നല്കാറില്ല. അയൽരാജ്യമായ സ്യൂഡനിലും ഇങ്ങനെയുള്ള അവധിയില്ല. ഹുദൂർ പറഞ്ഞു: ഈയിടെയായി അഭയാർഥി ക്രൈസസ് കാരണത്താൽ അതിർത്തിയിൽ ഒഴിവില്ല. ചെക്കിംഗ് ശക്തമാണ്. അപ്പോൾ മേയർ പറഞ്ഞു: ശക്തമായ ചെക്കിംഗ് നടക്കുന്നതിൽ ഞങ്ങൾക്കും കഠിനമായ വിഷമമുണ്ട്. (തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

**അല്ലാഹുവിന്റെ കലാം**

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസ്വീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
**പി.പി.റഹീമും കുടുംബവും**
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പഴയങ്ങാടി (കേരള)**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin